13
ചൊവ്വ
ഡിസംബർ 2022
1198വൃശ്ചികം 27

ലോകത്തിന്റെ കണ്ണുകൾ പന്തിന് പിറകെ....

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com



*സത്യപ്രതിജ്ഞ ചെയ്ത ശേഷം ഭൂപേന്ദ്ര പട്ടേലിനെ സ്വീകരിക്കുന്ന ഗുജറാത്ത് ഗവർണർ ആചാര്യ ദേവവ്രത്, പ്രധാനമന്ത്രി മോദി സമീപം*

## ഗുജറാത്തിൽ ഏഴാം തവണയും ബിജെപി സർക്കാർ അധികാരമേറ്റു

**അഹമ്മദാബാദ്:** ഗുജറാത്തിൽ ഭൂപേന്ദ്ര പട്ടേലിന്റെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. പ്രധാനമന്ത്രി നരേന്ദ്ര മോദിയടക്കമുള്ള രാജ്യത്തെ പ്രധാനപ്പെട്ട എല്ലാ ബിജെപി നേതാക്കളും പങ്കെടുത്ത പ്രൗഢഗംഭീരമായ ചടങ്ങിൽ ഗവർണർ ആചാര്യ ദേവവ്രത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലിനും മന്ത്രിമാർക്കും സത്യവാചകം ചൊല്ലി കൊടുത്തു. ഗുജറാത്തിന്റെ 18-ാമത് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ഭൂപേന്ദ്ര പട്ടേൽ ഇത് രണ്ടാം തവണയാണ് മുഖ്യമന്ത്രി കസേരയിലെത്തുന്നത്.ഗാന്ധി നഗറിലെ ഹെലിപാട് മൈതാനത്തായിരുന്നു ചടങ്ങ്. പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് പുറമെ ബിജെപി അധ്യക്ഷൻ ജെപി നഡ്ഡ, ആഭ്യന്തര മന്ത്രി അമിത് ഷാ, യോഗി ആദിത്യനാഥ് അടക്കം ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ, കേന്ദ്രമന്ത്രിമാർ എന്നിവരടക്കം ചടങ്ങിനെത്തിയിരുന്നു.

182 അംഗ ഗുജറാത്ത് നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ 156 സീറ്റുകൾ പിടിച്ച് ചരിത്രത്തിലെ ഏറ്റവും വലിയ വിജയം നേടിയാണ് സംസ്ഥാനത്ത് ബിജെപി തുടർച്ചയായ ഏഴാം തവണയും അധികാരത്തിലേറുന്നത്. ഭൂപേന്ദ്ര പട്ടേലും 16 മന്ത്രിമാരുമാണ് ഇന്ന് സത്യപ്രതിജ്ഞ ചെയ്തത്. ഇതിൽ ഒരു വനിത മാത്രമാണുള്ളത്. ഭാനുബെൻ ബാബരിയയാണ് സത്യപ്രതിജ്ഞ ചെയ്ത ഏക വനിതാ മന്ത്രി. കോൺഗ്രസ് വിട്ടെത്തിയ പാട്ടിദാർ നേതാവ് ഹർദിക് പട്ടേൽ ആദ്യ ഘട്ട മന്ത്രിസഭയിൽ ഉൾപ്പെട്ടിട്ടില്ല.'ഞാൻ വളരെ പ്രായം കുറഞ്ഞ ഒരു എംഎൽഎയാണ്. പാർട്ടിക്ക് വേണ്ടി പ്രവർത്തിക്കുന്നതിൽ മാത്രമാണ് ഞാൻ വിശ്വസിക്കുന്നത്. മന്ത്രിസഭയിൽ ആരെ നിലനിർത്തണമെന്ന് ബിജെപി തീരുമാനിക്കും. പാർട്ടി എനിക്ക് എന്ത് ഉത്തരവാദിത്തം ഏൽപ്പിക്കാൻ തീരുമാനിച്ചാലും ഞാൻ സന്തോഷത്തോടെ സ്വീകരിക്കും' – ചടങ്ങിന് മുന്നോടിയായി ഹർദിക് പട്ടേൽ പ്രതികരിച്ചു.



## ശബരിമലയിൽ തീർത്ഥാടകർക്ക് നിയന്ത്രണം, പ്രതിദിനം 90,000 പേർക്ക് അനുമതി, ദർശന സമയം കൂട്ടി

**തിരുവനന്തപുരം :** ശബരിമലയിലെ തിരക്ക് നിയന്ത്രിക്കാൻ നടപടി. തീർത്ഥാടകർക്ക് തൃപ്തികരമായ ദർശനം ഉറപ്പാക്കാൻ പ്രതിദിന തീർത്ഥാടകരുടെ എണ്ണം പരിമിതപ്പെടുത്തി. ദിവസേനെ 90,000 പേർക്കായിരിക്കും ഇനി ദർശനം അനുവദിക്കുക. അതേ സമയം, ദർശന സമയം ഒരു മണിക്കൂർ കൂടി വർധിപ്പിക്കുകയും ചെയ്തു. മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച ഉന്നതതല യോഗത്തിലാണ് തീരുമാനം.

നിലയ്ക്കലിൽ ഭക്തരെത്തുന്ന വാഹനങ്ങളുടെ പാർക്കിങ്ങിന് കൂടുതൽ സൗകര്യം ഒരുക്കാനും തീരുമാനമായി. ദേവസ്വം മന്ത്രി കൂടി പങ്കെടുത്ത് ആഴ്ച തോറും ഉന്നതതല യോഗം ചേർന്ന് നടപടിക്രമങ്ങൾ വിലയിരുത്തും. കൊവിഡ് കാലത്തെ നിയന്ത്രണങ്ങളെല്ലാം നീക്കിയതോടെ ശബരിമലയിൽ ഇത്തവണ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. കഴിഞ്ഞ ദിസവങ്ങളിൽ തിരക്ക് അനിയന്ത്രിതമായിരുന്നു. ഈ സാഹചര്യത്തിൽ തീർത്ഥാടകർ തൃപ്തികരമായ ദർശനം നടത്തി സുരക്ഷിതരായി മടങ്ങുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ശബരിമലയിൽ പ്രതിദിനമെത്തുന്ന ഭക്തരുടെ എണ്ണം 85,000 മായി നിജപ്പെടുണമെന്നായിരുന്നു പൊലീസ് നിലപാട്. കഴിഞ്ഞ ദിവസങ്ങളിൽ ഭക്തജനതിരിക്കുമൂലമുണ്ടായ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിലാണ് തീർത്ഥാടകരുടെ എണ്ണം കുറയ്കകണമെന്ന് പൊലീസ് നിർദ്ദേശിച്ചത്. കഴിഞ്ഞ ദിവസം 11,000 വാഹനങ്ങൾ നിലയ്കക്കലെത്തിയതോടെ വാഹന പാർക്കിംഗും താളം തെറ്റിയിരുന്നു.

## വിഴിഞ്ഞം സംഘർഷം: ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പിനെതിരായ കേസ് പിൻവലിക്കില്ലെന്ന് വ്യക്തമാക്കി സർക്കാർ





**തിരുവനന്തപുരം:** തുറമുഖത്തിനെതിരായ സമരത്തോടനുബന്ധിച്ച് വിഴിഞ്ഞത്തുണ്ടായ സംഘർഷവുമായി ബന്ധപ്പെട്ട് ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പ് തോമസ് ജെ നെറ്റോയ്ക്കെതിരെ രജിസ്റ്റർ ചെയ്ത കേസ് പിൻവലിക്കില്ലെന്ന് വ്യക്തമാക്കി സർക്കാർ.

നിയമസഭയിൽ അനൂപ് ജേക്കബ് എംഎൽഎയുടെ ചോദ്യത്തിന് മറുപടിയായിട്ടാണ് മുഖ്യമന്ത്രി ഇങ്ങനെ പറഞ്ഞത്. ഹൈക്കോടതി വിധി ലംഘിച്ചാണ് സമരം നടത്തിയത്. അതിനാൽ നിയമാനുസൃതമായാണ് പൊലീസ് നടപടി എടുത്തത്. ക്രമസമാധാന ലംഘനമുണ്ടായ കേസിൽ തുടർ നടപടികൾ പുരോഗമിക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

തുറമുഖ നിർമ്മാണത്തിനെതിരായ സമത്തിനിടെയാണ് വിഴിഞ്ഞത്ത് പൊലീസ് സ്റ്റേഷൻ ആക്രമിക്കുന്നതടക്കമുള്ള സംഭവങ്ങളുണ്ടായത്. സ്റ്റേഷൻ അടിച്ചുതകർത്ത സംഭവത്തിൽ ആർച്ച് ബിഷപ്പ് തോമസ് ജെ നെറ്റോയെ ഒന്നാം പ്രതിയാക്കിയാണ് കേസ് രജിസ്റ്റർ ചെയ്തത്. ഗൂഢാലോചന കുറ്റത്തിനാണ് കേസ്. സംഘർഷ സ്ഥലത്ത് ഉണ്ടായിരുന്ന വികാരി ജനറൽ ഫാദർ യൂജിൻ പെരേര അടക്കമുള്ള വൈദികർക്കെതിരെ വധശ്രമത്തിനും കേസെടുത്തിട്ടുണ്ട്. പദ്ധതി പ്രദേശത്തെ സമരപ്പന്തിലേക്ക് സംഘടിച്ചെത്തി സംഘർഷമുണ്ടാക്കിയ കണ്ടാലറിയുന്ന നൂറലധികം പേരും പ്രതികളാണ്. ആക്രമണത്തിൽ പൊലീസുകാരുൾപ്പടെ നിരവധി പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടവുമാണ്ടായിട്ടുണ്ട്. കഴിഞ്ഞയാഴ്ച നടത്തിയ ഒത്തുതീർപ്പു ചർച്ചയ്ക്കൊടുവിൽ സമരം പിൻവലിക്കുകയായിരുന്നു. അതോട*!*!*ഠ! നിർമ്മാണത്തിന്റെ വേഗം കാര്യമായി കൂടിയിട്ടുണ്ട്.




## കെ–റെയിലിന് തുരങ്കംവെച്ചത് BJP, ഭൂവുടമകൾക്ക് ഒരു പ്രശ്നവുമില്ല; കേസ് പിൻവലിക്കില്ല–മുഖ്യമന്ത്രി

തിരുവനന്തപുരം: നിർദിഷ്ട കെ-റെയിൽ പദ്ധതി വരുന്ന പ്രദേശത്തെ ഭൂവുടമകൾക്ക് നിലവിൽ ഒരു പ്രശ്നവുമില്ലെന്ന് നിയമസഭയിൽ മുഖ്യമന്ത്രി. ഇതുമായി ബന്ധപ്പെട്ട് സമരം നടത്തിയ ഭൂവുടമകൾക്കെതിരെ എടുത്ത കേസുകൾ പിൻവലിക്കുന്നത് ആലോചനയിലില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സർവേ നടപടികൾക്കായി റവന്യൂവകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതിനെ തുടർന്ന് പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമിയിൽ ക്രയവിക്രയം സാധ്യമാകുന്നില്ലെന്ന് പ്രതിപക്ഷ അംഗങ്ങൾ ചൂണ്ടിക്കാട്ടിയപ്പോഴായിരുന്നു മുഖ്യമന്ത്രിയുടെ മറുപടി.

സിൽവർലൈൻ ഡിപിആർ അപൂർണ്ണമാണെന്ന് കേന്ദ്ര സർക്കാർ ഇതുവരെ അറിയിച്ചിട്ടില്ലെന്നും മുഖ്യമന്ത്രി സഭയിൽ പറഞ്ഞു. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെയും റെയിൽ മന്ത്രാലയത്തിന്റെയും അംഗീകാരത്തോടെയാണ് ഭൂമിയേറ്റെടുക്കൽ അടക്കമുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോയത്. അതുകൊണ്ടുതന്നെ ഇതിന് ചെലവഴിച്ച തുക നിയമവിധേയമാണ്. പദ്ധതി മരവിപ്പിച്ചു എന്നത് വ്യക്തമാക്കപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച ശേഷമാകും നടപടികൾ ത്വരിതപ്പെടുത്താൻ കഴിയുകയെന്നും മുഖ്യമന്ത്രി പറഞ്ഞു.

നേരത്തെ ചില നടപടി സ്വീകരിച്ചു എന്നത് ശരിയാണ്. അത് റെയിൽവേയുടെയും ധനമന്ത്രാലയത്തിന്റെയും അനുമതി ഒരു തലത്തിൽ ലഭിച്ചപ്പോൾ നടത്തിയതാണ്. കേന്ദ്ര അനുമതി വളരെ വേഗത്തിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. അനുമതിക്ക് ശേഷം നടപടികളിലേക്ക് കടക്കുന്നതിന് പകരം അതിന് മുമ്പ് ചെയ്യാൻ കഴിയുന്ന നടപടികൾ പൂർത്തിയാക്കാനാണ് ശ്രമിച്ചത്. എന്നാൽ, പദ്ധതിക്കെതിരായ രാഷ്ട്രീയ നീക്കത്തിൻറെ ഭാഗമായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ ഭരിക്കുന്ന പാർട്ടി കൂടി ഉൾപ്പെട്ടു. ഇതോടെ അറച്ചുനിൽക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായത്. മാത്രമല്ല, ഉത്തരവാദിത്വപ്പെട്ടവർ ഇതിനെതിരെ പറയുന്ന നിലയുമുണ്ടായി. ആ സാഹചര്യത്തിൽ അനുമതിക്ക് ശേഷമാകാം ബാക്കി കാര്യങ്ങൾ എന്ന നിലപാടിലെത്തി. എന്തായിരുന്നാലും ഇന്നല്ലെങ്കിൽ നാളെ ഇതിന് അനുമതി തരേണ്ടിവരുമെന്ന കാര്യത്തിൽ തർക്കമില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. നേരത്തെ നടത്തിയ നടപടികളുടെ ഭാഗമായി ആളുകൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകേണ്ട സാഹചര്യമില്ല. ആരുടേയും ഭൂമി ഏറ്റെടുത്തിട്ടില്ല. അതുകൊണ്ടുതന്നെ വിജ്ഞാപനം പിൻവലിക്കേണ്ട ആവശ്യമില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.







## ഗവർണറുടെ ക്രിസ്മസ് വിരുന്നിൽ പങ്കെടുക്കില്ല, ക്ഷണം നിരസിച്ച് മുഖ്യമന്ത്രിയും, മന്ത്രിമാരും, പ്രതിപക്ഷനേതാവും


**തിരുവനന്തപുരം :** രാജ്ഭവനിൽ ഒരുക്കുന്ന ക്രിസ്മസ് വിരുന്നിൽ പങ്കെടുക്കാനുള്ള ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ ക്ഷണം നിരസിച്ച് മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും. ഡിസംബർ 14 ന് ഒരുക്കുന്ന ക്രിസ്തുമസ് വിരുന്നിലേക്ക് ഗവർണർ മുഖ്യമന്ത്രിയേയും മന്ത്രിമാരേയും പ്രതിപക്ഷ നേതാവിനെയും ക്ഷണിച്ചിരുന്നെങ്കിലും എല്ലാവരും ക്ഷണം നിരസിക്കുകയായിരുന്നു. പതിനാലിന് വൈകീട്ട് അഞ്ച് മണിക്ക് രാജ്ഭവനിലാണ് വിരുന്ന്. നാളെ വൈകീട്ട് ദില്ലിക്ക് പോകുമെന്നും പങ്കെടുക്കാൻ കഴിയില്ലെന്നുമാണ് പ്രതിപക്ഷ നേതാവ് വിഡി സതീശൻ അറിയിച്ചത്.

സംസ്ഥാന സർക്കാരും ഗവർണരും തമ്മിൽ വിവിധ വിഷയങ്ങളിലെ പോര് തുടരുന്നതിനിടെയാണ് പരിപാടിയിൽ പങ്കെടുക്കേണ്ടതില്ലെന്ന് മുഖ്യമന്ത്രിയും മന്ത്രിമാരും തീരുമാനിച്ചത്. കഴിഞ്ഞതവണ മതമേലധ്യക്ഷൻമാർക്ക് മാത്രമാണ് വിരുന്നിന് ക്ഷണമുണ്ടായിരുന്നത്. ഗവർണറുമായുള്ള തർക്കത്തെ തുടർന്ന് സർവ്വകലാശാല ചാൻസിലർ സ്ഥാനത്ത് നിന്ന് ഗവർണറെ മാറ്റുന്നതിനുള്ള ബില്ല് നിയമസഭ പരിഗണിക്കുകയാണ്. ബില്ല് പാസാകുന്നതിൻറെ തൊട്ടടുത്ത ദിവസമാണ് മുഖ്യമന്ത്രിയേയും മന്ത്രിമാരേയും ഗവർണർ ക്രിസ്മസ് വിരുന്നിന് ക്ഷണിച്ചിട്ടുള്ളത്.

VISA 4STUDY
STUDY REDEFINED
STUDY ABROAD
KANHANGAD | KANNUR | THRISSUR | ERNAKULAM
STUDY@VISA4STUDY.IN
+91 9847386330
0467 2080331
ENQUIRE NOW
visa4study.in

### ആശാൻ

ഗവർണറുടെ ക്രിസ്മസ് വിരുന്നിൽ പങ്കെടുക്കില്ല, ക്ഷണം നിരസിച്ച് മുഖ്യമന്ത്രിയും, മന്ത്രിമാരും, പ്രതിപക്ഷനേതാവും



പെരുനാൾ ആഘോഷം ആണെങ്കിൽ നോക്കാമായിരുന്നു

ലോകചരിത്രത്തിലാദ്യമായി
22 മണിക്കൂർ 10 മിനിറ്റ് തുടർച്ചയായി
വിഷ്വൽ കഥാപ്രസംഗം അവതരിപ്പിച്ച്
URF-ASIAN RECORD & WORLD RECORD കരസ്ഥമാക്കിയ
ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം

നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട. ഫോൺ: 98470 31647
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്

പരാശക്തി ജ്യോതിഷ പീഠം
പോളി ജംഗ്ഷൻ – തൃപ്രയാർ
ഫോൺ: 9745205651, 9188205651
ജോത്സ്യൻ : ജി. എൻ. ബാബുജി
ജ്യോതിഷം, വെറ്റില ജ്യോതിഷം, താംബൂല പ്രശ്നം, അഷ്ട മംഗല പ്രശ്നം, ദേവ പ്രശ്നം, സ്വർണ്ണപ്രശ്നം, മഷിനോട്ടം, പരിഹാരം
മഹത്തായ യന്ത്രങ്ങൾ, ഏലസ്സുകൾ, വിദ്യാമഹാറാണി യന്ത്രം, സ്വയംവര യന്ത്രം, അർദ്ധനാരീശ്വരയന്ത്രം, നെടുമംഗല്യം, അശ്വമേധം, സർപ്പഹരം, ഒമ്പത് ഗ്രഹങ്ങളുടേയും ദോഷപരിഹാരയന്ത്ര ഏലസ്സുകൾ, ഗരുഡമഹാമന്ത്ര യന്ത്ര ഏലസ്സ് എല്ലാ ദോഷപരിഹാരങ്ങൾക്കും

02
13 ചൊവ്വ ഡിസംബർ 2022
കേരള പ്രണാമം
സത്യം വദ ധർമ്മം ചര
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

# ഒഴിവുകൾ നികത്തുന്നതിൽ കാണിക്കുന്ന വൈമുഖ്യം മാറ്റണം

സർക്കാർ സർവീസിലേക്ക് പി.എസ്.സി വഴിയുള്ള റിക്രൂട്ട്മെന്റ് പരാതികൾക്കിട നൽകാത്തവിധം കൂടുതൽ സുതാര്യവും ശാസ്ത്രീയവുമാക്കാൻ നടപടി എടുത്തുവരികയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയെ അറിയിക്കുകയുണ്ടായി. ഇതോടൊപ്പം മറ്റു ചില നടപടികളെക്കുറിച്ചും അദ്ദേഹം വിവരിച്ചു. അവയിൽ സവിശേഷമായ ഒരു കാര്യം ഒഴിവുകൾ പി.എസ്.സിക്ക് നേരിട്ടറിയാൻ കഴിയുന്ന പുതിയൊരു സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്നതാണ്. നിലവിൽ വകുപ്പദ്ധ്യക്ഷന്മാർ ഒഴിവുകൾ അറിയിക്കുന്നതനുസരിച്ചാണ് പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്ന് ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകുന്നത്. ഇത് ഒട്ടേറെ പരാതികൾക്കിട നൽകുന്ന സംവിധാനമായി മാറിയ പശ്ചാത്തലത്തിലാണ് പുതിയ രീതിയെക്കുറിച്ച് സർക്കാർ ആലോചിക്കുന്നത്. ഒഴിവുകളുണ്ടായാലും യഥാസമയം അത് പി.എസ്.സിയെ അറിയിക്കുന്നതിൽ വളരെയധികം കാലതാമസം വരാറുണ്ട്. മനഃപൂർവം താമസിപ്പിച്ച് പിൻവാതിൽ നിയമനങ്ങൾക്ക് അവസരമൊരുക്കുക എന്ന ലക്ഷ്യവുമുണ്ട് ഇതിനു പിന്നിൽ.

ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത വകുപ്പദ്ധ്യക്ഷന്മാർക്കെതിരെ കർശന നടപടി എടുക്കണമെന്നും മറ്റും സർക്കാർ മുന്നറിയിപ്പു നൽകാറുണ്ട്. കാര്യമായ ഫലമൊന്നും കാണാറില്ലെന്നു മാത്രം. പരീക്ഷകൾ എഴുതിയെഴുതി വല്ലവിധേനയും റാങ്ക് ലിസ്റ്റിൽ കടന്നുകൂടിയാലും ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്താലേ നിയമന നടപടികൾ നടക്കുകയുള്ളൂ. ഈ വിഷയത്തിൽ വകുപ്പദ്ധ്യക്ഷന്മാർ കാണിക്കുന്ന കള്ളക്കളിയും അതിന്റെ മറവിൽ നടന്നുവരുന്ന പിൻവാതിൽ നിയമനങ്ങളും നിരന്തരം പരാതികൾക്കും ആക്ഷേപങ്ങൾക്കും കാരണമാകാറുണ്ട്. റാങ്ക് ലിസ്റ്റുകൾ നിശ്ചിത കാലാവധി എത്തുമ്പോൾ റദ്ദാക്കപ്പെടുകയാണ് പതിവ്. അതിനു മുമ്പ് സർവീസിൽ കടന്നുകൂടുക എന്നത് ഓരോ ഉദ്യോഗാർത്ഥിയുടെയും തീവ്ര അഭിലാഷം തന്നെയാണ്.

ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ നിലവിലെ സമ്പ്രദായത്തിൽ ന്യൂനതകളുണ്ടെന്ന് മുഖ്യമന്ത്രിയും സമ്മതിച്ചു. അതു കണക്കിലെടുത്താണ് വകുപ്പദ്ധ്യക്ഷന്മാർ റിപ്പോർട്ട് ചെയ്യാതെതന്നെ ഒഴിവുകൾ പി.എസ്.സിക്ക് സ്വയം അറിയാനും അതിൻപ്രകാരം നിയമന നടപടി എടുക്കാനും ഉതകുന്ന പുതിയ സമ്പ്രദായം ഏർപ്പെടുത്താനുള്ള ആലോചന. സർവീസിൽ ഒരു ഉദ്യോഗാർത്ഥി കയറുമ്പോൾത്തന്നെ അയാൾ എന്നാണ് വിരമിക്കുന്നതെന്നും മുൻകൂർ അറിയാം. പ്രത്യേക സോഫ്റ്റ്വെയർ സ്ഥാപിച്ച് ഇതു സൂക്ഷിച്ചാൽ റിട്ടയർമെന്റുകൾക്ക് ആനുപാതികമായി പുതിയ നിയമനങ്ങൾ നടത്താനാകും. വകുപ്പദ്ധ്യക്ഷന്മാരുടെ റിപ്പോർട്ട് കാത്തിരിക്കേണ്ടതില്ലെന്നു ചുരുക്കം. റാങ്ക് ലിസ്റ്റുകൾ എപ്പോഴും റെഡിയായിരിക്കുന്നതിനാൽ സമയനഷ്ടം കൂടാതെതന്നെ നിയമനങ്ങൾ കൃത്യമായി നടന്നുകൊള്ളും. ഒറ്റനോട്ടത്തിൽത്തന്നെ കൊള്ളാമെന്നു തോന്നുന്ന ഈ സമ്പ്രദായം അതിന്റെ ഗുണദോഷങ്ങൾ ആധികാരികമായി വിലയിരുത്തിയശേഷം എത്രയും വേഗം പ്രാവർത്തികമാക്കുന്നത് നന്നായിരിക്കും. ഒറ്റ നിയമനം പോലും നടക്കാതെ റദ്ദാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ നിരവധിയാണ്. ധാരാളം ഒഴിവുകളുണ്ടായാലും പി.എസ്.സിയെ അറിയിക്കാതെ പിൻവാതിൽ നിയമനങ്ങളിലൂടെ നികത്തുന്ന അന്യായത്തിനും പുതിയ സമ്പ്രദായം അന്ത്യം കുറിക്കും. ഇ – ഗവേണൻസിന്റെ ഇക്കാലത്ത് പരീക്ഷകളും റാങ്ക് ലിസ്റ്റ് തയ്യാറാക്കലും മുറപ്രകാരമുള്ള നിയമനങ്ങളുമൊക്കെ വളരെ എളുപ്പമാണ്. ഇതിനായി തയ്യാറാക്കുന്ന സോഫ്റ്റ്വെയർ അങ്ങേയറ്റം കാര്യക്ഷമമായിരിക്കണമെന്നു മാത്രം.

മത്സരപരീക്ഷ ജയിച്ച് റാങ്ക് പട്ടികയിൽ ഇടംപിടിച്ചാലും ഒഴിവുകൾ നികത്തുന്നതിൽ കാണിക്കുന്ന വൈമുഖ്യവും ഗൂഢതാത്പര്യങ്ങളും എക്കാലത്തും ഉദ്യോഗാർത്ഥികളെ വലയ്ക്കാറുണ്ട്. ഇത്തരം ദുഷ്പ്രവണതകൾക്കു കൂടി തടയിട്ടാലേ ഉദ്യോഗാർത്ഥികൾക്ക് നീതികിട്ടിയെന്നു പറയാനാവൂ



# ശ്രീശാരദാ മഠം, രാമകൃഷ്ണ ശാരദാ മിഷൻ എന്നിവയുടെ അധ്യക്ഷ ഭക്തി പ്രാണാ മാതാജി സമാധിയായി

കൊൽക്കത്ത: ശ്രീശാരദാ മഠത്തിന്റെയും രാമകൃഷ്ണ ശാരദാ മിഷന്റെയും അധ്യക്ഷ ഭക്തി പ്രാണാ മാതാജി സമാധിയായി. കൊൽക്കത്ത രാമകൃഷ്ണ മിഷൻ സേവാ പ്രതിഷ്ഠാനിൽ വച്ച് ഡിസംബർ 11 ന് രാത്രിയായിരുന്നു അന്ത്യം.

1920 ഒക്ടോബറിൽ ജനിച്ച ഭക്തി പ്രാണാ മാതാജിയുടെ പൂർവ്വാശ്രമത്തിലെ നാമം കല്യാണി ബാനർജി എന്നായിരുന്നു. 1950ൽ രാമകൃഷ്ണ മിഷന്റെ കീഴിലായിരുന്ന മാതൃഭവൻ ആശുപത്രിയിൽ സന്നദ്ധ സേവികയായി ചേർന്നു. മിഷൻ പിന്നിട് ഈ സ്ഥാപനത്തിന്റെ ചുമതല നൽകി. ശ്രീരാമകൃഷ്ണപരമഹംസന്റെ ശിഷ്യരിൽ പലരേയും കണ്ടിട്ടുണ്ട്.

1954 ൽ ശാരദാ മഠം തുടങ്ങിയ ശേഷം ശങ്കരാനന്ദ സ്വാമികളിൽ നിന്ന് സന്യാസദീക്ഷ സ്വീകരിച്ചു. ആദ്യമായി സന്യാസദീക്ഷ സ്വീകരിച്ച സ്വീകരിച്ച എട്ടു പേരിൽ ഒരാളായിരുന്നു. 1959ൽ ശാരദാ മഠത്തിന്റെയും രാമകൃഷ്ണശാരദാമിഷന്റെയും ട്രസ്റ്റിയായി തെരെഞ്ഞെടുക്കപ്പെട്ടു. 1961ൽ രാമകൃഷ്ണ, മാതൃഭവൻ ആശുപത്രി ശാരദാമിഷനു കൈമാറുകയും സെക്രട്ടറിയായി ചുമതലയേൽക്കുകയും ചെയ്തു. 2009 വരെ ചുമതല സ്ഥാനത്തിൽ തുടർന്നു. 1998 ൽ ശാരദാമഠത്തിന്റെയും മിഷന്റെയും സഹ അധ്യക്ഷയായും 2009ൽ അധ്യക്ഷയായും ചുമതലയേറ്റു.



# പകർച്ചവ്യാധി, പോഷകാഹാര കുറവ്, മരണങ്ങൾ; യെമനിലെ ആഭ്യന്തരയുദ്ധത്തിൽ വലഞ്ഞ് കുട്ടികൾ

തിനൊന്നായിരത്തിലധികം കുട്ടികളെ യെമൻ ആഭ്യന്തര യുദ്ധം ബാധിച്ചതായി യുഎൻ റിപ്പോർട്ട്. 2014 മുതലാണ് യെമനിൽ ആഭ്യന്തര യുദ്ധം ആരംഭിച്ചത്. കൊല്ലപ്പെടുകയോ, അംഗവൈകല്യം സംഭവിക്കുകയോ ചെയ്ത കുട്ടികളുടെ എണ്ണം പതിനായിരത്തിലധികമാണെന്ന് പുറത്ത് വിട്ട കണക്കിൽ വ്യക്തമാക്കുന്നു.ഇത് ലഭ്യമായ കണക്ക് മാത്രമാണെന്നും കണക്കിൽ പെടാത്ത കേസുകൾ ഇതിലും അധികമാവുമെന്നും യുണിസെഫ് പറയുന്നു.നിരവധി കുട്ടികൾക്ക് ജീവൻ നഷ്ടപ്പെട്ടു, നിരവധി പേർ ദാരിദ്രമോ, രോഗങ്ങളോ കാരണം മരണത്തിന്റെ വക്കിലാണ്- യുണിസെഫ് എക്സിക്യൂട്ടിവ് ഡയറക്ടർ കാതറിൻ റസ്സൽ പറയുന്നു.യെമനിലെ 2.2 മില്യൻ കുട്ടികൾ പോഷക ആഹാരത്തിന്റെ കുറവ് നേരിടുന്നു. ഇതിൽ നാലിലൊന്ന് പേരും അഞ്ച് വയസിന് താഴെ പ്രായമുള്ളവരാണ്. രാജ്യത്തിന്റെ ഭാവിചിത്രത്തിന്റെ ഭീകരത വ്യക്തമാക്കുന്ന കണക്കുകളാണിവ. കോളറ, അഞ്ചാം പനി തുടങ്ങിയ വ്യാധികൾ കുട്ടികളിൽ പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്.

യുദ്ധം അവസാനിപ്പിക്കാനായി ഐക്യരാഷ്ട്രസഭ ഇടനിലക്കാരായി നിന്ന കരാർ കഴിഞ്ഞ ഒക്ടോബറിൽ അവസാനിച്ചു. ഇതിന് ശേഷം 62 കുട്ടികൾക്ക് മരണമോ പരിക്കോ ഏറ്റിട്ടുണ്ടെന്നാണ് കണക്കുകൾ. യെമനിലേക്കുള്ള അവശ്യസാധനങ്ങളുടെ കയറ്റുമതി ഹൂതി ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ നിർത്തിയതാണ് പ്രതിസന്ധികളുടെ അടിസ്ഥാന കാരണം

യെമൻ പ്രതിസന്ധി മറികടക്കാൻ അടിയന്തരമായി 484.4 മില്യൺ ഡോളർ ആവശ്യമാണെന്ന് റിപ്പോർട്ട് പറയുന്നു. കുടിവെള്ള ക്ഷാമവും വ്യാധികളും അതിഭീകരമായി രാജ്യത്ത് വർദ്ധിച്ചു കൊണ്ടിരിക്കുകയാണെന്നും ഇതിൽ ഇടപെടൽ ആവശ്യമാണെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു



# മോദിയെ കൊല്ലണമെന്ന് കോൺഗ്രസ് നേതാവിന്റെ പ്രസംഗം; വൻ വിവാദം, അറസ്റ്റുചെയ്യണമെന്ന് ആവശ്യം

ഭോപ്പാൽ: പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരെ മധ്യപ്രദേശിലെ കോൺഗ്രസ് നേതാവ് രാജാ പട്ടേരിയ നടത്തിയ പ്രസംഗം വൻ വിവാദമായി. ഭരണഘടനയെ സംരക്ഷിക്കണമെങ്കിൽ പ്രധാനമന്ത്രി മോദിയെ കൊല്ലണമെന്ന് ആഹ്വാനംചെയ്യുന്ന തരത്തിലായിരുന്നു വിവാദ പ്രസംഗം. കൊല്ലുക എന്നുവച്ചാൽ തോൽപ്പിക്കുക എന്നാണ് താൻ ഉദ്ദേശിച്ചതെന്ന് ഉടൻതന്നെ അദ്ദേഹം വിശദീകരിച്ചുവെങ്കിലും വിവാദം കെട്ടടങ്ങിയില്ല. കോൺഗ്രസ് നേതാവ് രാഹുൽഗാന്ധിയുടെ ഭാരത് ജോഡോ യാത്ര രാജസ്ഥാൻ, മധ്യപ്രദേശ് സംസ്ഥാനങ്ങളിലൂടെ കടന്നുപോകുന്നതിനിടെ മധ്യപ്രദേശിലെ മുൻ മന്ത്രികൂടിയായ മുതിർന്ന കോൺഗ്രസ് നേതാവ് നടത്തിയ വിവാദപരാമർശം കോൺഗ്രസിന് വലിയ തലവേദനയായി. പട്ടേരിയക്കെതിരെ കേസെടുക്കാൻ മധ്യപ്രദേശ് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ഭാരത് ജോഡോ യാത്ര നടത്തുന്നവരുടെ യഥാർഥ മുഖം വെളിപ്പെട്ടുവെന്ന് മധ്യപ്രദേശ് മുഖ്യമന്ത്രി ശിവ്‌രാജ് സിങ് ചൗഹാൻ ആരോപിച്ചു. 'ജനഹൃദയങ്ങളിലാണ് പ്രധാനമന്ത്രി മോദി ജീവിക്കുന്നത്. ഭരണത്തിന്റെയും കേന്ദ്രബിന്ദുവായ അദ്ദേഹത്തെ രാജ്യത്തെ ജനങ്ങൾ മുഴുവൻ വിശ്വസിക്കുന്നു. തിരഞ്ഞെടുപ്പ് യുദ്ധത്തിൽ പ്രധാനമന്ത്രി മോദിയെ നേരിടാനുള്ള കരുത്ത് കോൺഗ്രസുകാർക്കില്ല. അദ്ദേഹത്തെ കൊലപ്പെടുത്തണമെന്ന് കോൺഗ്രസ് നേതാവിന് പറയേണ്ടിവന്നത് അസൂയകൊണ്ടാണ്. വെറുപ്പാണ് പരാമർശത്തിന് പിന്നിൽ. എന്നാൽ ഇത്തരം സംഭവങ്ങൾ വെച്ചുപൊറുപ്പിക്കാനാവില്ല. എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. നിയമം അതിന്റെ വഴിക്കുനീങ്ങും' – ചൗഹാൻ പറഞ്ഞു. വിവാദ പരാമർശത്തിൽ രൂക്ഷ വിമർശനവുമായി ആഭ്യന്തരമന്ത്രി നരോത്തം മിശ്രയും രംഗത്തെത്തി. കോൺഗ്രസ് ഇപ്പോൾ മഹാത്മാഗാന്ധിയുള്ള കോൺഗ്രസല്ല എന്നാണ് മുതിർന്ന നേതാവിന്റെ പരാമർശം വ്യക്തമാക്കുന്നതെന്ന് അദ്ദേഹം ആരോപിച്ചു. ഇറ്റലിയിലെ കോൺഗ്രസാണ് ഇന്നത്തേത്. മുസോളിനിയുടെ മാനസികാവസ്ഥയാണ് ഇന്ന് കോൺഗ്രസുകാർക്കുള്ളതെന്നും അദ്ദേഹം ആരോപിച്ചു.

പൊറുക്കാനാകാത്ത കുറ്റകൃത്യമാണ് കോൺഗ്രസ് നേതാവിന്റെ ഭാഗത്തുനിന്ന് ഉണ്ടായതെന്ന് കേന്ദ്രമന്ത്രി പ്രഹ്ളാദ് ജോഷി അഭിപ്രായപ്പെട്ടു. തന്റെ മാനസികനില ശരിയല്ലെന്ന് രാജാ പട്ടേരിയതന്നെ പറഞ്ഞാലും അദ്ദേഹത്തിന് ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാനാകില്ല. മധ്യപ്രദേശ് സർക്കാർ കർശന നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

പ്രസംഗത്തിലെ വിവാദ പരാമർശം ഇങ്ങനെ ''മോദി തെരഞ്ഞെടുപ്പുകൾ അവസാനിപ്പിക്കും. ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയും അടിസ്ഥാനത്തിൽ മോദി ജനങ്ങളെ ഭിന്നിപ്പിക്കും. ദളിത് വിഭാഗക്കാരുടെയും ഗോത്രവർഗ വിഭാഗക്കാരുടെയും ന്യൂനപക്ഷങ്ങളുടെയും ജീവിതം അപകടത്തിലാകും. ഭരണഘടനയെ സംരക്ഷിക്കണമെങ്കിൽ മോദിയെ കൊല്ലാൻ തയ്യാറായിക്കോളൂ''. ഇതേപ്രസംഗത്തിൽതന്നെ വിവാദപരാമർശത്തെ ന്യായീകരിക്കാനുള്ള ശ്രമവും കോൺഗ്രസ് നേതാവ് നടത്തുന്നുണ്ട്. ''കൊല്ലണം എന്നതുകൊണ്ട് പരാജയപ്പെടുത്തണം എന്നാണ് താൻ ഉദ്ദേശിച്ചത്. അക്രമരാഹിത്യം എന്ന മഹാത്മാഗാന്ധിയുടെ ആശയത്തെ പിന്തുടരുന്ന ആളാണ് താൻ. ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നതിന് മോദി തെരഞ്ഞെടുപ്പിൽ പരാജയപ്പെടുത്തണമെന്നാണ് ഉദ്ദേശിച്ചത്' – അദ്ദേഹം വിശദീകരിച്ചു.



# ആഗിരണം ചെയ്തത് 213.45 ടൺ കാർബൺ: സംസ്ഥാന വിത്തുത്പാദന കേന്ദ്രം ഇനി കാർബൺ ന്യൂട്രൽ

ആലുവ: ആലുവ തുരുത്തിലെ സംസ്ഥാന വിത്തുത്പാദന കേന്ദ്രം ഇനി കാർബൺ ന്യൂട്രൽ. രാജ്യത്തെ ആദ്യത്തെ കാർബൺ ന്യൂട്രൽ കൃഷിയിടമാണിത്. കഴിഞ്ഞ പത്തു വർഷമായി രാസവളങ്ങളോ കീടനാശിനികളോ വിത്തുത്പാദനത്തിന്റെ ഒരു ഘട്ടത്തിലും ഉപയോഗിക്കാതെയാണ് കേന്ദ്രം ഈ നേട്ടം കൈവരിച്ചത്.

കാർബൺ ന്യൂട്രലായത് ഇങ്ങനെ...

സംസ്ഥാന കൃഷിവകുപ്പിനു കീഴിൽ ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെയാണ് ഫാമിന്റെ പ്രവർത്തനം. രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കാതെ ജൈവശാസ്ത്ര രീതിയിലൂടെ മാത്രമാണ് ഇവിടെ കൃഷി ചെയ്യുന്നത്. സംയോജിത കൃഷിരീതിയാണ് നടപ്പിലാക്കുന്നത്. നാടൻ പശുക്കൾ, മലബാറി ആടുകൾ, കോഴി, താറാവ്, മത്സ്യം എന്നിവയെയും പരിപാലിക്കുന്നു. ഉത്പാദനശേഷിയുള്ള നെൽവിത്തിനങ്ങളും അന്യം നിന്നു പോകുന്ന നാടൻ നെൽ വിത്തിനങ്ങളും കൃഷി ചെയ്ത് വിത്താക്കി മാറ്റുന്നു. ഇവ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.മണ്ണ് പരിശോധന, മൈക്രോബിയൽ അനാലിസിസ്, സോയിൽ പ്രൊഫൈൽ അനാലിസിസ് എന്നിവ അടിസ്ഥാനമാക്കിയാണ് ഫാമിലെ മണ്ണിലെ ഉയർന്ന ജൈവ കാർബൺ, സൂക്ഷ്മജീവി സാന്നിധ്യം, വിവിധ മൂലകങ്ങളുടെ സമ്പന്നത എന്നിവ കണ്ടെത്തിയത്.

പരിശോധനകളിൽ മുന്നിലെത്തി

ഐ.പി.സി.സി.യുടെ 2006 സ്റ്റാൻഡേർഡ് പ്രോട്ടോക്കോൾ പ്രകാരമാണ് ഫാമിലെ കാർബൺ കണക്കെടുപ്പ് നടത്തിയത്. 2021 ജൂലായ് മുതൽ 2022 ജൂൺ വരെ ഫാമിൽനിന്നുള്ള കാർബൺ തത്തുല്യ വാതകങ്ങളുടെ പുറന്തള്ളൽ 43.08 ടണ്ണും കാർബൺ ആഗിരണം 213.45 ടണ്ണും ആണെന്ന് കണ്ടെത്തി. വിവിധ മേഖലകളിൽനിന്ന് ആകെ പുറന്തള്ളുന്ന കാർബണിനെക്കാൾ 170.37 ടൺ അധിക കാർബണാണ് ഫാമിൽ സംഭരിച്ചത്. കാർബൺ ന്യൂട്രൽ എന്നതിലുപരി കാർബൺ നെഗറ്റീവിലെത്താൻ ഇതുവഴി ഫാമിന് കഴിഞ്ഞു.

കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് ആൻഡ് എൻവയോൺമെന്റൽ സയൻസ് ഡീൻ ഡോ. പി.ഒ. നമീറിന്റെ നേതൃത്വത്തിലാണ് ഫാമിലെ കാർബണിന്റെ അളവിനെ കുറിച്ചുള്ള പഠനങ്ങൾ നടന്നത്.

special-news



# ഗോവിന്ദൻ മാഷേ,നിങ്ങൾ ഇങ്ങോട്ട് പോരീ,അങ്ങോട്ട് വന്നാൽ കേരളംതന്നെ ലോകമെന്ന് വിചാരിക്കേണ്ടിവരും'

**ദുബായ്:** മുസ്‌ലിം ലീഗ് കോൺഗ്രസിനൊപ്പം നിൽക്കുന്നത് ഒരു രാഷ്ട്രീയമാണെന്നും ലീഗിനെ എൽഡിഎഫിലേക്ക് ക്ഷണിച്ച സിപിഎം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദന്റെ ഹൃദയ വിശാലതയെ ചോദ്യം ചെയ്യേണ്ടതില്ലെന്നും കെ.എം.ഷാജി. 'ഞങ്ങൾ കോൺഗ്രസിന്റെ കൂടെ നിൽക്കുന്നതിൽ വലിയ രാഷ്ട്രീയമുണ്ട്. അത് ഇന്ത്യയുമായി ബന്ധമുള്ളതാണ്. അതൊന്നും സഖാക്കൾക്ക് ആലോചിക്കാനുള്ള സാധനം ഇല്ലാത്തതുകൊണ്ട് ഒന്നും പറയാനില്ല. ഗോവിന്ദൻ മാഷ്ക്ക് വേണമെങ്കിൽ തമിഴ്നാട്ടിലേത് പോലെ ഞങ്ങളുടെ മുന്നണിയിലേക്ക് വരാം. നമുക്ക് ഒരുമിച്ച് നിൽക്കാം. അങ്ങോട്ട് വന്നാൽ കേരളമാണ് ദുനിയാവ് (ലോകം) എന്ന് വിചാരിച്ച് നിൽക്കേണ്ടി വരും' ഷാജി പറഞ്ഞു. ദുബായിയിൽ കെഎംസിസി തൃശൂർ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിശ്വാസ പ്രമാണങ്ങളെ മാറ്റിപറയുമെന്നാണോ ഗോവിന്ദൻ മാഷ് വിചാരിക്കുന്നത്. അദ്ദേഹം ഹൃദയ വിശാലയതോടെയാണ് പറഞ്ഞത് ലീഗ് വർഗീയ പാർട്ടിയല്ല എന്നത്. ഇത് വർഗീയത അല്ല എന്ന് തോന്നിയതുകൊണ്ടാണ് തങ്ങളിതിൽ അംഗത്വമെടുത്തത്. നിങ്ങളുടെ സർഫിക്കറ്റ് വാങ്ങിയല്ല. ലീഗിനെ ക്ഷണിച്ചത് സ്വാഭാവികമാണ്. ഇത്ര ചൊറുക്കുള്ള സാധനത്തിനെ കണ്ടാൽ ആരെ വിളിക്കാതിരിക്കുക. ഏതാ ഇത് പാർട്ടി. കൂടെ നിൽക്കുമെന്ന് പറഞ്ഞാൽ കൂടെ നിൽക്കും. വിശ്വാസ്യതയുണ്ട്. ആധികാരികതയുണ്ട്. നല്ല അണികളും കൊള്ളാവുന്ന നേതാക്കളുമുണ്ട്. അദ്ദേഹത്തിന്റെ ഹൃദയ വിശാലതയെ ചോദ്യം ചെയ്യേണ്ടതില്ലെന്നും ഷാജി പറഞ്ഞു. 'മാധ്യമങ്ങൾ പറഞ്ഞത് കേരളത്തിൽ രാഷ്ട്രീയ മാറ്റങ്ങളുണ്ടാകുമെന്നാണ്. അതിനവർ ചൂണ്ടിക്കാട്ടുന്നത് ഏക സിവിൽ കോഡ് ചർച്ച പാർലമെന്റിൽ നടക്കുമ്പോൾ എന്തേ കോൺഗ്രസുകാരില്ലാത്തതെന്ന് പി.വി.അബ്ദുൾ വഹാബ് ചോദിച്ചതാണ്. അങ്ങനെ ചോദിക്കാനാണല്ലോ ഞങ്ങളവരെ പാർലമെന്റിലേക്ക് വിട്ടത്. കോൺഗ്രസിനെ ചോദ്യം ചെയ്യാൻ പാടില്ലാ എന്നുണ്ടോ. കോൺഗ്രസാണോ ലീഗിന്റെ ചെലവ് നടത്തുന്നത്. കോൺഗ്രസ് വേറെ പാർട്ടിയാണ്. അതിൽ അഭിപ്രായ വ്യത്യാസം ഉള്ളതുകൊണ്ടാണ് പച്ച കൊടിയും പിടിച്ച് ഞങ്ങളിപ്പുറത്ത് നിൽക്കുന്നത്. അഭിപ്രായ വ്യത്യാസമുള്ളത് എവിടെയും ആരുടേയും മുഖത്ത് നോക്കി പറയും. മുതലാളി പറയുന്നതുംകേട്ട് നിൽക്കാൻ ഞങ്ങൾ സിപിഐ അല്ല. ഞങ്ങളുടെ മുന്നണിക്കകത്ത് മിനിമം അജണ്ടയുണ്ട്. അതിൽ അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ അതിനകത്ത് സംസാരിക്കും. സംവരണ വിഷയത്തിൽ കോൺഗ്രസിന്റെ അഭിപ്രായത്തിനൊപ്പമല്ല ഞങ്ങൾ നിന്നത്. അതിൽ മുന്നണി വിടുന്ന കാര്യമൊന്നും ഇല്ല. ഞങ്ങൾ കോൺഗ്രസിന്റെ കൂടെ നിൽക്കുന്നതിൽ വലിയ രാഷ്ട്രീയമുണ്ട്. അത് ഇന്ത്യയുമായി ബന്ധമുള്ളതാണ്. അതൊന്നും സഖാക്കൾക്ക് ആലോചിക്കാനുള്ള സാധനം ഇല്ലാത്തതുകൊണ്ട് ഒന്നും പറയാനില്ല' ഷാജി പറഞ്ഞു. ഹിമാചൽ പ്രദേശ് ഫലം വരുന്ന ദിവസമാണ് ഗോവിന്ദൻ മാഷ് ലീഗിനെ ക്ഷണിക്കുന്നത്. അവിടെ ഉള്ള കനലും കെട്ടിരിക്കുകയാണ്. സീതാറാം യെച്ചൂരി കോഴിക്കോട്ടെത്തിയിട്ടുണ്ട്. അവയ്ലബിൾ പൊളിറ്റ് ബ്യൂറോ ഒന്നും ഇപ്പോ ഇല്ലെന്നാണ് തോന്നുന്നത്. സിപിഎമ്മും ലീഗും കേരളത്തിൽ മാത്രമുള്ള പാർട്ടിയാണ്. തമ്മിലുള്ള വ്യത്യാസം എന്താണെന്നാൽ ലീഗ് ചെറിയ പാർട്ടിയാണെന്ന് ലീഗിനറിയാം. നിങ്ങൾക്ക് അത് മനസ്സിലായിട്ടില്ല എന്നതാണ് വ്യത്യാസം. ചെറിയ പാർട്ടിയായ തങ്ങൾ കോൺഗ്രസിന്റെ കൂടെ നിന്ന് രാജ്യം തിരിച്ചുപിടിക്കലാണ് രാഷ്ട്രീയം. നിങ്ങൾ വിളിക്കുന്നതിന്റെ രണ്ടാമത്തെ കാര്യം രണ്ടാം പിണറായി സർക്കാർ വലിയ പ്രശ്നമാണ്. ജനങ്ങളുടെ ഭാഗ്യത്തിനും സർക്കാരിന്റെ ഭാഗ്യക്കേടിനും ഇപ്പോൾ വെള്ളപ്പൊക്കവും കോവിഡുമില്ല. നേരത്തെ ഇതിനിടയിലൂടെ കാര്യങ്ങൾ നടത്തി അങ്ങനെ പോകാമായിരുന്നു. ഇപ്പോ കുറച്ച് കാലമായി ഇതൊന്നുമില്ല. അപ്പോൾ സർക്കാരിന് വലിയ ക്ഷീണമാണെന്നും കെ.എം.ഷാജി കൂട്ടിച്ചേർത്തു.



# ലീഗിനെ പുകഴ്ത്തിയ എംവി ഗോവിന്ദന്റെ നടപടി യുഡിഎഫിൽ ഐക്യമുണ്ടാക്കി: കാനം രാജേന്ദ്രൻ

തിരുവനന്തപുരം: ലീഗിനെ പുകഴ്ത്തിയ എംവി ഗോവിന്ദന്റെ നടപടിയിലൂടെ യുഡിഎഫിൽ ഐക്യമുണ്ടായെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ. ഏത് സാഹചര്യത്തിലാണ് ഗോവിന്ദന്റെ പ്രസ്താവനയെന്ന് അറിയില്ല. മുന്നണി വിപുലീകരണത്തിന് എൽഡിഎഫിൽ തീരുമാനമില്ല. മുസ്ലിം ലീഗ് പഴയ ലീഗല്ല. തീവ്ര നിലപാടുകാരോട് ലീഗ് ഇപ്പോൾ സന്ധി ചെയ്യുന്നുണ്ട്. എന്നാൽ പോപുലർ ഫ്രണ്ടിനെയോ എസ്ഡിപിഐയെയോ പോലെ മുസ്ലിം ലീഗ് വർഗീയ പാർട്ടിയല്ലെന്നും കാനം രാജേന്ദ്രൻ പറഞ്ഞു.

മുസ്ലിം ലീഗിന്റെ നിലപാടിനെ തുടർന്ന് തിരുത്തി എന്ന് പറയുന്നതിനൊപ്പം കോൺഗ്രസ് അവരുടെ നിലപാട് പുനപരിശോധിച്ചുവെന്ന് കൂടെ പറയാമല്ലോ. അതുകൊണ്ട് കോൺഗ്രസ് ആദ്യം എടുത്തിരുന്ന നിലപാട് ശരിയല്ല. എല്ലാ പ്രതിപക്ഷ പാർട്ടികളും ഗവർണർമാർ സംസ്ഥാനങ്ങളിൽ എടുക്കുന്ന നിലപാട് ശരിയല്ല എന്ന് ചിന്തിക്കുമ്പോൾ കേരളത്തിൽ മാത്രം കോൺഗ്രസ് അത് ചെയ്യുന്നില്ലെന്ന് പറയുന്നത് ശരിയായ നിലപാടാണോ? ആ നിലപാട് അവർ തിരുത്താൻ തയ്യാറായി. ലീഗിന്റെ നിലപാട് വ്യക്തമാക്കേണ്ടത് അവരാണ്. അവർ മതനിരപേക്ഷ പാർട്ടിയായിരുന്നു. ബാബ്റി മസ്ജിദ് തകർക്കപ്പെട്ട ശേഷം ലീഗ് പടിപടിയായി മാറി. എന്നാൽ എസ്ഡിപിഐ പോലെയുള്ള പാർട്ടികളെ പോലെ ലീഗിനെ ആരും കാണുന്നില്ല. മുസ്ലിം സമൂഹത്തിനിടയിൽ ഭൂരിപക്ഷ വർഗീയതയുണ്ടാക്കിയ മാറ്റത്തിന്റെ ഫലമായാണിത്. ലീഗ് അത്തരം തീവ്ര നിലപാട് എടുക്കുന്നവരുമായി സംവദിക്കാൻ തുടങ്ങി. അതിനർത്ഥം ലീഗ് വർഗീയപ്പാർട്ടിയാണെന്നല്ല. എന്നാൽ ലീഗിന്റെ നിലപാട് ഇത്തരം കാര്യങ്ങളിൽ എന്താണെന്ന് മനസിലാക്കി അതിന്റെ അടിസ്ഥാനത്തിലാവണം കമ്യൂണിസ്റ്റ് പാർട്ടികൾ നിലപാട് എടുക്കേണ്ടതെന്ന് സിപിഐ പറഞ്ഞു.

എൽഡിഎഫ് ദുർബലമായതിനാല്ല ഐക്യം ശക്തിപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നത്. അത് ശത്രു കൂടുതൽ കരുത്തനായത് കൊണ്ടാണ്. ബിജെപിക്കെതിരെ പ്രതിപക്ഷ ഐക്യം വളർത്തുകയെന്നതാണ് ഇപ്പോഴത്തെ രാഷ്ട്രീയം. അതിന്റെ ഭാഗമായി പല കാര്യത്തിലും കോംപ്രമൈസ് ചെയ്യേണ്ടി വരും. അത് ഇലക്ടറൽ പൊളിറ്റിക്സിൽ അത്യാവശ്യമായി വരും. പക്ഷെ കേരളത്തിൽ വ്യത്യസ്തമായ രണ്ട് മുന്നണികളാണ്. ഇവിടെ ബിജെപിയല്ല മുഖ്യശത്രു. ഈ രണ്ട് മുന്നണികളും പോരടിക്കുമ്പോൾ ബിജെപി ശക്തിപ്പെടാതിരിക്കാൻ നമ്മളും പ്രത്യേകം ശ്രദ്ധിക്കണം. സിപിഎം സംസ്ഥാന സെക്രട്ടറി ഏത് സാഹചര്യത്തിലാണിത് പറഞ്ഞതെന്ന് തനിക്ക് വ്യക്തതയില്ല. എൽഡിഎഫ് മുന്നണിയിലേക്ക് പുതിയ കക്ഷിയെ എടുക്കാൻ എല്ലാവരും കൂടി ചർച്ച ചെയ്തേ നടക്കൂ. അങ്ങിനെയല്ലെന്ന് എംവി ഗോവിന്ദൻ തന്നെ പറഞ്ഞിട്ടുണ്ട്.

ചാൻസലർ സ്ഥാനം ഭരണഘടനാ പദവിയല്ല. അത് മാറ്റേണ്ട സാഹചര്യമുണ്ടായാൽ നിയമസഭയത് മാറ്റും. അതാണ് കേരള നിയമസഭ ചെയ്യുന്നത്. ഒപ്പിടാതെ ഗവർണർക്ക് കാലതാമസം വരുത്താൻ പറ്റും. എന്നാൽ ഒപ്പിടാനാവില്ലെന്ന് നിലപാടെടുക്കാൻ ഗവർണർക്ക് സാധിക്കും. സിൽവർ ലൈൻ പദ്ധതിയുടെ ആദ്യ ഘട്ടത്തിലാണ് പഠനം നടത്താനും മറ്റും ശ്രമിച്ചത്. ഭൂമി ഏറ്റെടുക്കൽ നടപടികളിലേക്ക് കടന്നിട്ടില്ല. കേന്ദ്രം തത്വത്തിൽ അംഗീകരിച്ചിട്ടാണ് പദ്ധതിയുമായി മുന്നോട്ട് പോയത്. ഡിപിആറിന് അംഗീകാരം കിട്ടിയിട്ടില്ല. അംഗീകാരം വന്നശേഷം തുടർ നടപടി മതിയെന്ന് തീരുമാനിക്കുകയായിരുന്നുവെന്നും അദ്ദേഹം വിശദീകരിച്ചു



# പാഠ്യപദ്ധതി പരിഷ്കരണത്തിൽ നിന്നും സർക്കാർ പിന്നോട്ട്; സ്കൂൾ സമയമാറ്റം പരിഗണനയിൽ ഇല്ലെന്ന് വിദ്യാഭ്യാസമന്ത്രി

**തിരുവനന്തപുരം:** സ്കൂൾ പാഠ്യപരിഷ്കരണ പദ്ധതിയിൽ നിന്നും സംസ്ഥാന സർക്കാർ പിന്മാറുന്നു. സ്കൂൾ സമയമാറ്റം അടക്കമുള്ള വിഷയങ്ങളിൽ നിന്നാണ് സർക്കാർ താത്കാലം പിൻവലിയുന്നത്. മിക്സഡ് ബെഞ്ചുകൾ, ജെൻഡർ യൂണിഫോം അടക്കമുള്ള ആശയങ്ങളോട് മുസ്ലീം സംഘടനകളിൽ വിമർശനവും ആശങ്കയും ഉയർന്നതോടെയാണ് പരിഷ്കാരം തിരക്കിട്ട് വേണ്ട എന്ന നയത്തിലേക്ക് വിദ്യാഭ്യാസ വകുപ്പ് എത്തിയത്. വിദ്യാഭ്യാസരംഗത്തെ പരിഷ്കണം സംബന്ധിച്ച് പഠിച്ച ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ വിശദമായ ചർച്ചയ്ക്ക് ശേഷമേ നടപടികൾ തീരുമാനിക്കൂ എന്നാണ് ഇന്ന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി വ്യക്തമാക്കിയത്. ഖാദർ കമ്മീഷൻ സമിതിയുടെ ശുപാർശകൾ നടപ്പാക്കുന്നതിൽ സർക്കാർ ഇതുവരെ തീരുമാനം എടുത്തിട്ടില്ല. പാഠ്യപദ്ധതി പുതുക്കുക വിശദമായ ചർച്ചകൾക്ക് ശേഷമായിരിക്കും. ഖാദർ കമ്മിറ്റി സ്കൂൾ സമയമാറ്റത്തിന് ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും സർക്കാർ സമയമാറ്റത്തിനില്ലെന്നും നിലവിലെ രീതി തുടുരമെന്നും വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി പറഞ്ഞു. മത നിഷേധം സർക്കാർ നയമല്ലെന്നും മതപഠനത്തെ തടസ്സപ്പെടുത്തില്ലെന്നും പറഞ്ഞ ശിവൻകുട്ടി യൂണിഫോം എന്ത് വേണം എന്നതിൽ അതാത് സ്കൂളുകൾക്ക് തീരുമാനമെടുക്കാമെന്നും മിക്സ്ഡ് സ്കൂൾ ആക്കുന്നതിലും സ്കൂൾ തലത്തിൽ തീരുമാനം എടുക്കുന്നതാണ് നല്ലതെന്നും ഇക്കാര്യങ്ങളിലൊന്നും സർക്കാർ ഇടപെടില്ലെന്നും മന്ത്രി പറഞ്ഞു. ആണ്കുട്ടികളേയും പെണ്കുട്ടികളേയും ഒന്നിച്ചിരുത്തുന്ന മിക്സ്ഡ് ബെഞ്ച് സർക്കാരിന്റെ ആലോചനയിൽ ഇല്ലെന്നും ലിംഗ സമത്വ ആശയങ്ങളിൽ നിന്നും സർക്കാർ പിന്നോട്ട് പോകില്ലെന്നും പറഞ്ഞ മന്ത്രി ചില തീവ്രവാദ സംഘടനകൾ സാഹചര്യം മുതലെടുക്കാൻ ശ്രമിക്കുകയാണെന്നും പറഞ്ഞു. അതേസമയം നേരത്തെ നിയമസഭയിലെ ശ്രദ്ധ ക്ഷണിക്കല്ലിനിടെ പാഠ്യപദ്ധതി പരിഷ്കണത്തിനെതിരെ മുസ്ലീംലീഗ് രംഗത്ത് എത്തി. സർക്കാർ ചിലവിൽ യുക്തി ചിന്ത നടപ്പാക്കുകയാണെന്ന് ലീഗ് എംഎൽഎ എൻ.ഷംസുദ്ദീൻ സഭയിൽ പറഞ്ഞു. ഷംസുദ്ദീൻ എംഎൽഎ സഭയിൽ പറഞ്ഞത് – മിക്സ്ഡ് ബെഞ്ചും മിക്സ്ഡ് ഹോസ്റ്റാഹലും വലിയ പ്രശ്നം ഉണ്ടാക്കും ലിംഗം നിശ്ചയിക്കുന്നത് ജൈവശാസ്ത്രപരമായാണ് എന്നാൽ കരടിൽ പറയുന്നത്. അത് സമൂഹം സൃഷ്ടിക്കുന്നതാണ് എന്നാണ്. ലിംഗതുല്യതയെ ശക്തമായി എതിർക്കുന്നു. പക്ഷേ പാഠ്യപദ്ധതി പരിഷ്കാരത്തിന്റെ കരട് രേഖയിൽ പറയുന്നത് അത് സമൂഹം സൃഷ്ടിക്കുന്നതാണ് എന്നാണ്. ലിംഗ തുല്യതയെ ശക്തമായി എതിർക്കും. സ്കൂൾ സമയമാറ്റം മദ്രസകളെ ബാധിക്കുന്ന നിലയുണ്ട്. കേരള സമൂഹത്തെ ലൈംഗിക അരാജകത്വത്തിലേക്ക് തള്ളി വിടുന്നതാണ് പാഠ്യ പദ്ധതി പരിഷ്കരണം.ഇത് പിൻവലിക്കണം ശിവൻകുട്ടി – വിദ്യാഭ്യാസമന്ത്രി പാഠ്യപദ്ധതി പരിഷ്കരണത്തിൽ ആശങ്കപ്പെടേണ്ട കാര്യമില്ല. ഷംസുദ്ധീനെ ആരെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. കരടിലെ ഉള്ളടക്കം വിശദമായ ചർച്ചയ്ക്ക് ശേഷം തയ്യാറാക്കിയതാണ്. സ്കൂൾ സമയമാറ്റം സംബന്ധിച്ച് സർക്കാർ തീരുമാനം എടുത്തിട്ടില്ല. ചർച്ചകൾക്കായി പല നിർദേശങ്ങളും മുന്നോട്ട് വച്ചിട്ടുണ്ട്. വിശദമായ ചർച്ചകൾക്ക് ശേഷമേ തീരുമാനം എടുക്കൂ. മതനിരപേക്ഷതയെ മത നിരാസമായി കാണരുത്. മിക്സ്ഡ് ബെഞ്ചും, മിക്സ്ഡ് ഹോസ്റ്റലുമൊന്നും സർക്കാർ ഇതുവരെ ആലോചിച്ചിട്ടില്ല.



# ഒൻപത് വൈസ് ചാൻസലർമാരുടെ ഹിയറിംഗ് നടത്തി ഗവർണർ: നാല് വിസിമാർ നേരിട്ട് ഹാജരായി

**തിരുവനന്തപുരം:** രാജി വയ്ക്കാതിരിക്കാൻ കാരണം കാണിക്കാൻ നോട്ടീസ് നൽകിയ വൈസ് ചാൻസർമാരുടെ ഹിയറിംഗ് നടത്തി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. നോട്ടീസ് നൽകിയ ഒന്പതുപേരിൽ നാലുപേർ നേരിട്ട് രാജ്ഭവനിലെത്തി ഹാജരായി. കണ്ണൂർ, എംജി സർവകലാശാലാ വിസിമാർ എത്തിയില്ല. കേരള മുൻ വി.സി. വിപി മഹാദേവൻ പിള്ള, ഡിജിറ്റൽ സർവ്വകലാശാല വി.സി സജി ഗോപിനാഥ്, ഓപ്പൺ സർവകലാശാലാ വി.സി മുബാറക് പാഷ, കുസാറ്റ് വി.സി. ഡോ.മധു എന്നിവരാണ് നേരിട്ടെത്തിയത്. എം.ജി വിസി ഡോ.സാബു തോമസ് വിദേശ സന്ദർശനത്തിലായതിനാലാണ് ഹാജരാകാതിരുന്നത്. അടുത്തമാസം മൂന്നിന് എംജി വിസിയ്ക്കായി പ്രത്യേക ഹിയറിംഗ് നടത്തും. മറ്റുള്ളവരുടെ അഭിഭാഷകരാണ് എത്തിയത്. ഹിയറിംഗിന് ശേഷം വിശദമായ റിപ്പോർട്ട് രാജ്ഭവൻ ഹൈക്കോടതിയ്ക്ക് കൈമാറും. കോടതി വിധിയ്ക്ക് ശേഷം മതി തുടർ നടപടിയെന്നാണ് ഗവർണറുടെ തീരുമാനം.




**ഇന്നത്തെ ശബരിമല വിശേഷങ്ങൾ (13/12 /2022)**

**പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ**
**3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം**
**3.05 ന് ....അഭിഷേകം**
**3.30 ന് ...ഗണപതി ഹോമം**
**3.30 മുതൽ 7 മണി വരെയും 8 മണി മുതൽ**
**11 മണി വരെയും നെയ്യഭിഷേകം**
**7.30 ന് ഉഷപൂജ**
**11.30. ന് ..25 കലശാഭിഷേകം**
**12 മണിക്ക് കളഭാഭിഷേകം**
**12.30ന് ......ഉച്ചപൂജ**
**1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ**
**വൈകുന്നേരം 4 മണിക്ക് ക്ഷേത്രനട തുറക്കും**
**6.30ന്... ദീപാരാധന**
**7 മുതൽ പുഷ്പാഭിഷേകം**
**9.30 മണിക്ക് ...അത്താഴപൂജ**
**10.50ന് ഹരിവരാസനം സങ്കീർത്തനം**
**പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.**



special-news

# KOCHI-MUZIRIS BIENNALE 2022

# കലാ വിനോദസഞ്ചാരത്തെ വിശാലമാക്കാൻ കൊച്ചി– മുസിരിസ് ബിനാലെ




*പി.എ. മുഹമ്മദ് റിയാസ് (ടൂറിസം മന്ത്രി)*

കോവിഡ് സൃഷ്ടിച്ച മാന്ദ്യത്തിൽനിന്ന് എല്ലാ മേഖലയിലും ലോകം ഉണർന്നു വരുമ്പോൾ പൂർവാധികം ശക്തിയോടെ കേരളവും അതിനൊപ്പം സഞ്ചരിക്കുകയാണ്. രണ്ടര-മൂന്നു വർഷം മുൻപ് എന്തായിരുന്നോ കേരളം, അതിനുമപ്പുറത്തേക്ക് സമസ്തമേഖലകളും കുതിച്ചുയരുന്ന കാഴ്ചയ്ക്കാണു സാക്ഷ്യം വഹിക്കുന്നത്. ജനങ്ങൾ ഒരുമിച്ചുനിൽക്കുകയും ഒറ്റക്കെട്ടായി പ്രതിബന്ധങ്ങളെ തരണംചെയ്ത് മുന്നേറുകയും ചെയ്യുന്നതുതന്നെയാണു കേരളത്തിന്റെ ശക്തി. രാജ്യാന്തരതലത്തിൽ ശ്രദ്ധേയമാകുന്ന ഒട്ടേറെ പരിപാടികൾ ഇന്നു കേരളത്തിലുണ്ട്. കായലോരങ്ങളുടെയും ഹിൽസ്റ്റേഷനുകളുടെയും ഏതാനും ബീച്ചുകളുടെയും പരമ്പരാഗത കലാരൂപങ്ങളുടെയും അന്തരീക്ഷമൊരുക്കുന്ന വിനോദ സഞ്ചാര സാധ്യതകളിൽനിന്ന് കലയുടെയും സംസ്കാരത്തിന്റെയും പുതിയൊരു തലത്തിലേക്ക് കേരളം സഞ്ചരിക്കാൻ തുടങ്ങിയിട്ട് അധികകാലമായിട്ടില്ല. കേരളത്തിന്റെ സ്വന്തമായ ചലച്ചിത്രോത്സവവും നാടകോത്സവവും ലിറ്ററി ഫെസ്റ്റിവലുകളുമെല്ലാം ഇന്നു വിദേശികളെ ഇവിടേക്ക് ആകർഷിക്കുന്നുണ്ട്. ഇത്തരം പരിപാടികളിലേക്കെത്തുന്നവർക്ക് കേരളം നൽകുന്ന വരവേൽപ്പ് അവരെ അത്ഭുതപ്പെടുത്തുന്നുമുണ്ട്. കലാവിനോദസഞ്ചാരത്തെ വള്ളംകളിയും കഥകളിയും തെയ്യവുമൊക്കെ മാത്രമായി ഒതുക്കാതെ കൂടുതൽ വിശാലമാക്കാനാണ് ശ്രമിക്കുന്നത്. അവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കൊച്ചി- മുസിരിസ് ബിനാലെ. കോവിഡ് മൂലം കഴിഞ്ഞതവണ ബിനാലെ മുടങ്ങിയെങ്കിലും പൂർവാധികം ശക്തിയോടെ തിരിച്ചുവരുകയാണ് ഇത്തവണ. കൊച്ചി-മുസിരിസ് ബിനാലെ എന്ന സങ്കൽപ്പംതന്നെ 2011ലെ സർക്കാരിന്റെ കാലത്ത് കേരളം മുന്നോട്ടുവച്ചത്, കലാരംഗത്തുള്ളവർക്കുള്ള പ്രോത്സാഹനത്തിനും കേരളത്തെ സമകാലകലയുമായി പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തിനുമപ്പുറം വിശാലമായ ടൂറിസംസാധ്യതകൾ കൂടി ലക്ഷ്യംവച്ചായിരുന്നു. ഹെറിറ്റേജ് ടൂറിസത്തിന് ഏറെ സാധ്യതകളുള്ള മുസിരിസ് പദ്ധതി പ്രദേശവും ഫോർട്ട്കൊച്ചിയും ബിനാലെയുടെ കേന്ദ്രസ്ഥാനമായി തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനവും അതുതന്നെയായിരുന്നു. ബിനാലെ അതിന്റെ അഞ്ചാമത്തെ പതിപ്പിലെത്തുമ്പോൾ അക്കാര്യത്തിൽ നാം ഏറെ മുന്നേറിയിരിക്കുന്നു. കൊച്ചി-മുസിരിസ് ബിനാലെ കലാലോകത്തു സൃഷ്ടിക്കുന്ന ചലനങ്ങൾ സമാനതകളില്ലാത്തതാണ്. ഇന്ത്യയിൽ ഇത്തരമൊരു കലാപ്രദർശനം വേറെ ഒരിടത്തും നടക്കുന്നില്ല. അതുകൊണ്ടുതന്നെ രണ്ടുവർഷം കൂടുമ്പോൾ ഡിസംബർ 12 ന് ആരംഭിക്കുന്ന ബിനാലെയിലേക്കു മാത്രമായി മൂന്നുമാസം കൊണ്ട് എത്തിച്ചേരുന്ന വിദേശ-ആഭ്യന്തര സഞ്ചാരികൾ പത്തുലക്ഷത്തോളമാണ്. ഫോർട്ട്കൊച്ചിയിലെയും സമീപപ്രദേശങ്ങളിലെയും ടൂറിസംമേഖല ഇതിനു കൃത്യമായ സാക്ഷ്യം പറയും. ബിനാലെയിലെ കലാപ്രദർശനംതന്നെ ഒന്നിലേറെ ദിവസങ്ങൾകൊണ്ടു മാത്രമേ കണ്ടുതീർക്കാനാകൂ. അതു കണക്കുകൂട്ടിയെത്തുന്നവർ കേരളത്തിലെ മറ്റു വിനോദസഞ്ചാര കേന്ദ്രങ്ങളെക്കൂടി ബന്ധപ്പെടുത്തിയാണ് യാത്രകൾക്കു പദ്ധതി തയാറാക്കുന്നത്. കൊച്ചി കേന്ദ്രമാക്കി വിനോദ സഞ്ചാരമേഖലയിൽ പ്രവർത്തിക്കുന്നവർ ബിനാലെയ്ക്കായി കാത്തിരിക്കുന്നതും അതിനാലാണ്. മട്ടാഞ്ചേരിയും ഫോർട്ട് കൊച്ചിയും പോലുള്ള ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലെ പതിവു വിനോദസഞ്ചാര ആകർഷണങ്ങളിലേക്ക് ഈ സമയത്ത് കൂടുതലായി ആളുകളെത്തുന്നു. കോവിഡിനു മുൻപ് മട്ടാഞ്ചേരി മ്യൂസിയം കാണാൻ പ്രതിവർഷം 24 ലക്ഷത്തോളം പേർ എത്തിയിരുന്നുവെന്നാണു കണക്ക്. മഹാമാരി അതിലുണ്ടാക്കിയ ഇടിവു നികത്താൻ ഈ ബിനാലെക്കാലത്തിനു സാധിക്കുമെന്നതിൽ സംശയമില്ല. ഫോർട്ട്കൊച്ചി തീരത്തുനിന്നു വാങ്ങി അവിടെത്തന്നെ പാകംചെയ്തു കഴിക്കുന്ന മത്സ്യവിഭവങ്ങൾ മുതൽ മട്ടാഞ്ചേരിയിലെ കായിക്കായുടെ ബിരിയാണിവരെ ഇന്ന് ആഭ്യന്തര സഞ്ചാരികൾക്കു മാത്രമല്ല, വിദേശ വിനോദസഞ്ചാരികൾക്കും സുപരിചിതമായിട്ടുണ്ടെങ്കിൽ അതിൽ ബിനാലെ എന്ന രണ്ടുവർഷത്തിലൊരിക്കൽ നടക്കുന്ന കലാപ്രദർശനത്തിന്റെ പങ്ക് ഒട്ടും ചെറുതല്ല. പതിവു കാഴ്ചകളിൽനിന്നു വ്യത്യസ്തമായി, സഞ്ചരിക്കുന്ന ഓരോയിടത്തും അതിഥികൾക്ക് കാഴ്ചയുടെ പുതിയ അനുഭവങ്ങളൊരുക്കുകയാണ് കേരള ടൂറിസത്തിന്റെ ലക്ഷ്യം. തിരുവനന്തപുരത്ത് ആർട്ടീരിയ എന്ന പേരിൽ പകലും രാത്രിയിലും വർഷത്തിൽ എല്ലാ ദിവസവും സഞ്ചാരികൾക്കു കാണാനാകുന്ന ചുവർചിത്രങ്ങളുടെ ഓപ്പൺ ചിത്രകലാ ഗ്യാലറി ഒരുക്കിയത് കേരള ടൂറിസമാണ്. തിരുവനന്തപുരത്തിനുമപ്പുറത്തേക്ക് ചുവരുകളിൽ കലയുടെ പുതിയ ലോകം തീർക്കാൻ ആർട്ടീരിയ കാരണമായിട്ടുണ്ട്. കണ്ണൂരിലെയും കോഴിക്കോട്ടെയുമെല്ലാം ചുവരുകൾ പല മേഖലകളിലുള്ള ചിത്രകാരന്മാരാലും ചിത്രകാരികളാലും വർണാഭമാക്കപ്പെടുന്നത് ഇവിടേക്കെത്തുന്ന വിനോദസഞ്ചാരികൾക്ക് ഇക്കാര്യത്തിൽ കേരളം പുലർത്തുന്ന അവധാനത എന്തെന്നു ബോധ്യപ്പെടുത്തുന്ന വിഭവം കൂടിയാണ്. കേരളത്തിന്റെ വടക്കേയറ്റത്ത്, കാസർഗോഡ്, ബേക്കൽ ടൂറിസം പദ്ധതിയുടെ ഭാഗമായി ലളിതകലാ അക്കാദമിയുമായി ചേർന്ന് ഇപ്പോൾ മറ്റൊരു ചിത്രച്ചുവർ തീർത്തുകൊണ്ടിരിക്കുകയാണ്. ചില സീസണുകളിൽ സഞ്ചാരികളെ ആകർഷിക്കുന്നതിനൊപ്പം, അത്തരം സമയത്തല്ലാതെയും ഇവിടെയെത്തുന്നവർക്ക് തനതു കലകൾക്കും അനുഷ്ഠാന കലകൾക്കുമപ്പുറം കേരളം വ്യത്യസ്തമായ കലകളെ നെഞ്ചോടു ചേർക്കുന്ന ഒരിടമാണെന്ന് ബോധ്യപ്പെട്ടുകഴിഞ്ഞു. കലകൾക്കും മറ്റ് കാഴ്ചകൾക്കുമൊപ്പം തെരുവുകളെയും മറ്റും വൃത്തിയായി സൂക്ഷിക്കുന്നതിനും നാം ശ്രദ്ധിക്കേണ്ടതുണ്ട്. നയനമനോഹരമായ ഒരു കാഴ്ചകണ്ട് അപ്പുറത്തേക്കു മാറുമ്പോൾ വൃത്തിഹീനതയുടെ മനംമടുപ്പിക്കുന്ന മറ്റൊരു കാഴ്ചയിലേക്ക് സഞ്ചാരികൾ പതിക്കാൻ പാടില്ല. ചുവരുകൾ ചിത്രംവരച്ച് മനോഹരമാക്കുമ്പോൾ അത്തരം പ്രശ്നങ്ങൾകൂടി ഇല്ലാതാകുന്നുണ്ട്. കേരളത്തിലെത്തുന്ന വിനോദസഞ്ചാരികളിൽ 65-70 ശതമാനവും ആഭ്യന്തരസഞ്ചാരികളാണ്. ആഭ്യന്തരസഞ്ചാരികളുടെ വരവിൽ കേരളം സർകാല റെക്കോഡിലെത്തുകയാണ്. കോവിഡിനെത്തുടർന്ന് വിദേശ വിനോദസഞ്ചാരികളുടെ വരവിലുണ്ടായ കുറവു നികത്താൻ ബിനാലെ ഉൾപ്പെടെയുള്ള പരിപാടികളിലൂടെ സാധിക്കും. അതിനുള്ള നടപടി ടൂറിസം വകുപ്പ് ആവിഷ്കരിച്ചു നടപ്പാക്കി വരികയാണ്. മട്ടാഞ്ചേരിയിലും ഫോർട്ട്കൊച്ചിയിലും പിന്നെ ഇവിടെനിന്ന് ആലപ്പുഴയ്ക്കും മുസിരിലേക്കുമൊക്കെ സഞ്ചരിക്കുന്ന, അവിടങ്ങളിൽ സമയം ചെലവഴിക്കുന്ന സഞ്ചാരികളിലൂടെ നാടിന്റെ സാമൂഹികവും സാമ്പത്തികവുമായ വളർച്ചയ്ക്കു ചുക്കാൻ പിടിക്കുന്നതിൽ ബിനാലെയ്ക്കുള്ള പങ്കിനെ അംഗീകരിക്കാതിരിക്കാനാകില്ല.



## ’കോൺഗ്രസിന് ഇപ്പോൾ ഇന്ദ്രൻസിന്റെ വലിപ്പം’; നടനെ പരിഹസിക്കുന്ന പരാമർശവുമായി മന്ത്രി വാസവൻ

**തിരുവനന്തപുരം:** നിയമസഭയിൽ നടൻ ഇന്ദ്രൻസിനെ പരിഹസിക്കുന്ന തരത്തിലുള്ള പരാമർശവുമായി സാംസ്കാരിക മന്ത്രി വി.എൻ വാസവൻ. ഹിന്ദി സിനിമയിലെ അമിതാബ് ബച്ചന്റെ പൊക്കത്തിലുണ്ടായിരുന്ന കോൺഗ്രസ് ഇപ്പോൾ മലയാള സിനിമയിലെ ഇന്ദ്രൻസിന്റെ വലിപ്പത്തിൽ എത്തിനിൽക്കുന്നുവെന്ന് മന്ത്രി പറഞ്ഞു. 2022 ലെ കേരള സഹകരണ സംഘം മൂന്നാം ഭേദഗതി ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനിടെ ഹിമാചൽ പ്രദേശിലേയും ഗുജറാത്തിലേയും തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഭരണ പ്രതിപക്ഷ അംഗങ്ങൾ രാഷ്ട്രീയം ചർച്ചയാക്കിയതോടെയാണ് വാസവൻ ഈ രീതിയിൽ പരാമർശം നടത്തിയത്. ’സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യം ഭരണം കൈമാറി തന്നതാണ് കോൺഗ്രസിന്. ഇപ്പോൾ എവിടെയെത്തി?. യഥാർത്ഥത്തിൽ കോൺഗ്രസിന്റെ സ്ഥിതി പൊതുവിലെടുത്താൽ ഹിന്ദിസിനിമയിലെ അമിതാബ് ബച്ചന്റെ പൊക്കത്തിലുണ്ടായിരുന്ന കോൺഗ്രസ് ഇപ്പോൾ മലയാള സിനിമയിലെ ഇന്ദ്രൻസിന്റെ വലിപ്പത്തിൽ എത്തിന



## കറൻസിയിൽ നിന്ന് ഗാന്ധിയുടെ ചിത്രം നീക്കില്ല, പുതുതായി ആരെയും ഉൾപ്പെടുത്തില്ല; മറുപടിയുമായി കേന്ദ്രം

ന്യൂഡൽഹി: ഇന്ത്യൻ കറൻസികളിൽ നിന്നും രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ ചിത്രം നീക്കുമെന്ന അഭ്യൂഹങ്ങൾ തള്ളി കേന്ദ്ര ധനമന്ത്രാലയം. ഗാന്ധിജിയുടെ ചിത്രം കറൻസിയിൽ നിന്ന് നീക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ലെന്ന് കേന്ദ്ര ധനമന്ത്രാലയം ഇന്ന് പാർലമെന്റിൽ വ്യക്തമാക്കി. ഇടക്കാലത്ത് ഹൈന്ദവ ദൈവങ്ങളുടെയും സുഭാഷ് ചന്ദ്രബോസ് അടക്കമുള്ള സ്വാതന്ത്ര്യസമരസേനാനികളുടെയും ചിത്രങ്ങൾ കറൻസിയിൽ ഉൾപ്പെടുത്താൻ ആവശ്യം ഉയർന്നിരുന്നു. എന്നാൽ നിലവിലെ കറൻസിയിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ലെന്ന് ധനമന്ത്രാലയം വ്യക്തമാക്കി. ഇക്കാര്യം നേരത്തെ തന്നെ ആർ ബി ഐയും വ്യക്തമാക്കിയിട്ടുണ്ടെന്ന് ധനമന്ത്രാലയം ലോക്സഭയിൽ പറഞ്ഞു. ആന്റോ ആന്റണി എം പിയുടെ ചോദ്യത്തിനാണ് കേന്ദ്ര ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി മറുപടിയായി ഇക്കാര്യം അറിയിച്ചത്.



## കോഴിക്കോട് കനോലി കനാലിൽ അഞ്ച് പെരുമ്പാമ്പുകൾ; ഒന്നിനെ പിടികൂടി, ബാക്കിയുള്ളവയ്ക്കായി തിരച്ചിൽ

കോഴിക്കോട്: കനോലി കനാലിൽ പെരുമ്പാമ്പിൻക്കൂട്ടം. കാരപ്പറമ്പിന് സമീപമാണ് പാമ്പിൻക്കൂട്ടത്തെ കണ്ടെത്തിയത്. ഇടയ്ക്കിടെ ഈ പ്രദേശത്ത് പാമ്പുകളെ കാണാറുണ്ടെങ്കിലും ഇത്രയും അധികം പെരുമ്പാമ്പുകളെ ഒരുമിച്ച് കാണുന്നത് ഇത് ആദ്യമായിട്ടാണ്. പാമ്പുകളെ കാണാനായി നൂറുകണക്കിന് ആളുകൾ തടിച്ചുകൂടിയിട്ടുണ്ട്. ഇവിടെ നിന്ന് ഫോറസ്റ്റ് ഉദ്യോഗസ്ഥർ ഒരു പാമ്പിനെ പിടികൂടിയിട്ടുണ്ട്. മറ്റ് പാമ്പുകളെ പിടികൂടിയിട്ടില്ല. ബാക്കിയുള്ളവ ഒഴുക്കിൽപ്പെട്ടുവെന്നാണ് നിഗമനം. പിടികൂടിയ പാമ്പിനെ ഫോറസ്റ്റ് ഉദ്യോഗസ്ഥർ വന മേഖലയിലേക്ക് കൊണ്ടുപോയി. വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ഒപ്പം പോലീസുകാരും പ്രദേശത്ത് എത്തിയിരുന്നു. മറ്റ് പാമ്പുകൾക്കായി പ്രദേശത്ത് തിരച്ചിൽ നടത്തിയെങ്കിലും ഫലമുണ്ടായില്ല. കനാലിലേക്ക് ഇറങ്ങുന്ന ഭാഗത്ത് മണ്ണിടിഞ്ഞതിനാൽ ഉദ്യോഗസ്ഥർക്ക് ഇവിടേക്ക് ഇറങ്ങി പാമ്പിനെ പിടികൂടുന്നതും ശ്രമകരമായിരുന്നു.



## സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു; ഏഴ് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു, ശക്തമായ കാറ്റിനും സാദ്ധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. ഏഴ് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ആലപ്പുഴ, കോട്ടയം, എറണാകുളം,ഇടുക്കി,തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലാണ് യെല്ലോ അലർട്ട്. മറ്റ് ജില്ലകളിലെ മലയോര മേഖലകളിൽ ഇടവിട്ട ശക്തമായ മഴയ്ക്കും സാദ്ധ്യതയുണ്ടെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിച്ചു. 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റ് വീശിയേക്കും. അടുത്ത മൂന്ന് മണിക്കൂറിൽ കേരളത്തിൽ എല്ലാ ജില്ലകളിലും ഒറ്റപ്പെട്ടയിടങ്ങളിൽ മിതമായ മഴയ്ക്ക് സാദ്ധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. സംസ്ഥാനത്ത് പതിനാലാം തീയതിവരെ കനത്ത മഴ തുടരുമെന്നാണ് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം നൽകുന്ന മുന്നറിയിപ്പ്. തമിഴ്നാട്ടിൽ കരകയറിയ മാൻഡസ് ചുഴലിക്കാറ്റ് ചക്രവാതച്ചുഴിയായി രൂപപ്പെട്ട് വടക്കൻ കേരള, കർണാടക തീരം വഴി തെക്കുകിഴക്കൻ അറബിക്കടലിൽ പ്രവേശിച്ച സാഹചര്യത്തിലാണിത്. ബുധനാഴ്ചയോടെ ചക്രവാതച്ചുഴി ന്യൂനമർദ്ദമായി ശക്തി പ്രാപിച്ച് ഇന്ത്യൻ തീരത്ത് നിന്ന് അകലുന്നതോടെ മഴ കുറയും.



# മെട്രോയുടെ ഗുണങ്ങളെക്കുറിച്ച് ചോദ്യവുമായി പി.പി ചിത്തരഞ്ജൻ; കൊച്ചിയിൽ പോയി നോക്കിയാൽ മതിയെന്ന് മുഖ്യമന്ത്രി

കൊച്ചി മെട്രോയുടെ നേട്ടങ്ങളെ കുറിച്ചുള്ള ചോദ്യത്തിന് മറുപടിയുമായി മുഖ്യമന്ത്രി നിയമസഭയിൽ. മെട്രോയുടെ എന്തെല്ലാമാണെന്ന് ഭരണപക്ഷ എംഎൽഎ പി.പി ചിത്തരഞ്ജനാണ് നിയമസഭയിൽ ചോദ്യമുന്നയിച്ചത്. നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയാൻ കൊച്ചിയിൽ പോയി നോക്കിയാൽ മതിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി നൽകി. മുഖ്യമന്ത്രിയുടെ മറുപടിയിൽ ചിരിയോടെയാണ് സഭ പ്രതികരിച്ചത്.കേന്ദ്ര നിർദേശങ്ങൾ പാലിച്ച് സമർപ്പിച്ച ഇൻട്രോ പാർക്ക് പാത കേന്ദ്രസർക്കാർ അംഗീകരിച്ച സ്ഥിതിക്ക് പദ്ധതി പൂർത്തീകരിക്കാനാകുമോ, പദ്ധതി വിഹിതം എത്രയാണ് എന്നും തൃപ്പൂണിത്തുറ മെട്രോ എന്നത്തേക്ക് പ്രവർത്തനക്ഷമമാകും എന്നും പി പി ചിത്തരഞ്ജൻ എംഎൽഎ ചോദിച്ചു. മെട്രോ രണ്ടാംഘട്ട പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്, പദ്ധതി നടപ്പിലാക്കി വരികയാണെന്ന മുഖ്യമന്ത്രിയുടെ മറുപടിക്ക് ശേഷമാണ് എംഎൽഎ മെട്രോയുടെ ഗുണങ്ങൾ എന്തൊക്കെയാണെന്ന് ചോദിച്ചത്.കൊച്ചി മെട്രോയുടെ ഗുണങ്ങൾ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണെന്നും നേട്ടങ്ങൾ എന്തൊക്കെയാണെന്ന് മനസിലാക്കാൻ കൊച്ചിയിൽ പോയി നോക്കിയാൽ മതിയെന്നും പിണറായി വിജയൻ സഭയിൽ പറഞ്ഞു.



# 'കൊല്ലപ്പെട്ട' യുവതി മറ്റൊരാൾക്ക് ഒപ്പം സുഖമായി ജീവിക്കുന്നു; കണ്ടെത്തിയത് കൊലക്കേസിൽ ജാമ്യത്തിലിറങ്ങിയ പ്രതികൾ

**മഥുര:** കൊലപാതകക്കുറ്റം ചുമത്തപ്പെട്ട ആദ്യ ഭർത്താവ് ജയിൽശിക്ഷ അനുഭവിക്കുന്നതിനിടെ കൊല്ലപ്പെട്ട യുവതിയെ ആറു വർഷത്തിനുശേഷം മറ്റൊരാൾക്കൊപ്പം കണ്ടെത്തിയ സംഭവമാണ് ഇപ്പോൾ വാർത്തയാകുന്നത്.ഉത്തർപ്രദേശിലെ മഥുരയിലാണ് സംഭവം. മരിച്ചെന്ന് കരുതി സംസ്ക്കരിച്ച ആരതി ദേവി എന്ന യുവതിയെയാണ് ആറു വർഷത്തിനുശേഷം ജീവനോടെ കണ്ടെത്തിയത്. ആരതിയെ കൊലപ്പെടുത്തിയെന്ന കേസിൽ ഭർത്താവ് സോനു സൈനി 18 മാസവും സുഹൃത്ത് ഗോപാൽ സൈനി (30) ഒമ്പത് മാസമായും ജയിൽശിക്ഷ അനുഭവിച്ചുവരികയാണ്. എന്നാൽ ഇരുവരും ജാമ്യത്തിലിറങ്ങി നടത്തിയ അന്വേഷണത്തിലാണ് ആരതിയെയും പുതിയ ഭർത്താവിനെയും കണ്ടെത്തിയത്.പോലീസ് രേഖകൾ പ്രകാരം, ആരതി വൃന്ദാവനിലെ വാടക വീട്ടിൽ നിന്ന് 2015-ൽ അപ്രത്യക്ഷയായി. പിന്നീട് ഒരു അജ്ഞാതമൃതദേഹം ലഭിച്ചപ്പോൾ അത് തൻറെ മകളുടേതാണെന്നും, ഭർത്താവ് മകളെ കൊലചെയ്തതാണെന്നും ആരതിയുടെ പിതാവ് പൊലീസിന് പരാതി നൽകി. ഈ പരാതിയിൽ കേസെടുത്ത് അന്വേഷണം നടത്തിയ പൊലീസ് സോനു സൈനിയും ഗോപാൽ സൈനിയും ചേർന്ന് ആരതിയെ കൊലപ്പെടുത്തിയതാണെന്നും കണ്ടെത്തി. തുടർന്ന് ഇരുവർക്കുമെതിരെ കൊലക്കുറ്റം ചുമത്തി പോലീസ് പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്യുകയും, പിന്നീട് വിചാരണയ്ക്കൊടുവിൽ പ്രതികളെ കോടതി ശിക്ഷിക്കുകയും ചെയ്തു. ആറു വർഷത്തേക്കാണ് ഇരുവരെയും കോടതി ശിക്ഷിച്ചത്.രണ്ടുപേരെയും പിടികൂടിയതിന് കേസ് അന്വേഷിക്കുന്ന പോലീസുകാർക്ക് 15,000 രൂപ പോലും പാരിതോഷികവും ലഭിച്ചിരുന്നു. മഥുര ടീമിന്റെയും സൈബർ സെല്ലിന്റെയും ചുമതലയുള്ള ഓഫീസർ അജയ് കൗശൽ പറഞ്ഞു, ''രാജസ്ഥാനിലെ കരൗലി, ദൗസ ജില്ലകളുടെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന മെഹന്ദിപൂർ ബാലാജി ക്ഷേത്രം സന്ദർശിച്ചപ്പോഴാണ് സോനു സൈനി ആരതി ദേവിയെ കണ്ടത്. തുടർന്ന് ഇരുവരും പ്രണയത്തിലാകുകയും 2015ൽ വിവാഹിതരാകുകയും ചെയ്തു.വീട്ടുകാർ എതിർത്തതോടെ കോടതിയിൽവെച്ചാണ് ഇരുവരും വിവാഹം രജിസ്റ്റർ ചെയ്തത്. എന്നാൽ വൈകാതെ ഇവർ താമസിച്ചിരുന്ന വീട്ടിൽനിന്ന് ആരതി അപ്രത്യക്ഷയാകുകയായിരുന്നു. അതിന് ശേഷമാണ് ആരതിയുടെ പ്രായമുള്ള ഒരു അജ്ഞാതമൃതദേഹം കണ്ടെത്തുന്നത്. ഇത് തൻറെ മകളാണെന്ന് ആരതിയുടെ പിതാവ് അവകാശപ്പെടുകയും ചെയ്തു. തുടർന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ യുവതി കൊലചെയ്യപ്പെട്ടതാണെന്ന് വ്യക്തമായി. ഇതോടെയാണ് സോനുവിനും ഗോപാലിനുമെതിരെ പൊലീസ് കേസെടുത്തത്.2016 മാർച്ചിൽ എഫ്ഐആറിൽ കൊലക്കുറ്റം ചേർത്തു, മൂന്ന് പ്രതികളിൽ സോനുവും ഗോപാലും അറസ്റ്റിലായി. പിന്നീട് അലഹബാദ് ഹൈക്കോടതി അവർക്ക് ജാമ്യം അനുവദിച്ചു.'' ഇപ്പോൾ, ആറ് വർഷത്തിന് ശേഷം സോനുവും ഗോപാലും ''മരിച്ച സ്ത്രീയെ'' കണ്ടെത്തുകയും മഥുര പോലീസിനെ അറിയിക്കുകയും ചെയ്തു. ഞായറാഴ്ച, യുവതിയെ കസ്റ്റഡിയിലെടുത്തു. വ്യത്യസ്തമായ ജനനത്തീയതി ഉപയോഗിച്ച് മറ്റൊരു ആധാർ കാർഡ് സംഘടിപ്പിച്ചാണ് യുവതി രണ്ടാം ഭർത്താവിനൊപ്പം താമസിച്ചുവന്നതെന്നും പൊലീസ് പറയുന്നു.




# നാട്ടിൽ ഫ്ലക്സ് വരെ വെച്ചു; പ്ലസ് ടു വിദ്യാർഥി MBBS ക്ലാസിൽ നാലു ദിവസം കയറിയത് വീട്ടുകാരെ തെറ്റിദ്ധരിപ്പിക്കാൻ

**കോഴിക്കോട്:** എംബിബിഎസ് പ്രവേശന പരീക്ഷാ യോഗ്യത പോലുമില്ലാതെ കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നാലു ദിവസം ക്സാസിലിരുന്നത് വീട്ടുകാരെ തെറ്റിദ്ധരിപ്പിക്കാനാണെന്ന് പൊലീസ്.വിദ്യാർഥിക്കെതിരെ ക്രിമിനൽ കേസെടുക്കാനാവില്ലെന്ന് പൊലീസ് വ്യക്തമാക്കി.സംഭവത്തിൽ കേസന്വേഷണം അവസാനിപ്പിക്കുകയാണെന്നും പൊലീസ് അറിയിച്ചു. നീറ്റ് പരീക്ഷ എഴുതിയതിന് ശേഷം വിദ്യാർഥി ഗോവയിലേക്ക് വിനോദയാത്ര പോയിരുന്നു. അവിടെവെച്ചാണ് പരീക്ഷഫലം പരിശോധിച്ചത്. ഫലം പരിശോധിച്ചശേഷം ഉയർന്ന് റാങ്കുണ്ടെന്ന് കരുതി വീട്ടുകാരെ വിളിച്ചറിയിക്കുകയും ചെയ്തു. വിദ്യാർഥിയെ അഭിനന്ദിച്ച് നാട്ടിൽ ഫ്ലക്സ് ബോർഡുകൾ വരെ ഉയർന്നിരുന്നു.എന്നാൽ പിന്നീടാണ് ഫലം പരിശോധിച്ചതിൽ പിഴവുണ്ടായെന്നും തനിക്ക് പതിനായിരത്തിൽ മേലെയാണ് റാങ്ക് എന്ന് വിദ്യാർഥിക്ക് മനസ്സിലായത്. ഇതോടെ പ്രവേശനം ലഭിക്കില്ലെന്ന് മനസ്സിലായതോടെ കോഴിക്കോട് മെഡിക്കൽ കോളജിലെ എംബിബിഎസ് ക്ലാസിൽ കയറി ഇരുന്നത്.നാലു ദിവസത്തോളം ക്ലാസിൽ ഇരിക്കുകയും അവിടെനിന്നുള്ള ഫോട്ടോ എടുത്ത് വീട്ടുകാർക്കും കൂട്ടുകാർക്കും മറ്റും അയക്കുകയും ചെയ്തെന്ന് വിദ്യാർഥിനി പൊലീസിന് മൊഴി നൽകി. സംഭവത്തിൽ വിദ്യാർഥിന് ക്ഷമാപണം നടത്തുകയും ചെയ്തിട്ടുണ്ട്.




# എയർപോർട്ട് പൂട്ടിയിട്ടാലും റൺവേയ്ക്ക് സ്ഥലം നൽകില്ല

**തിരുവനന്തപുരം:** റൺവേയ്ക്ക് രണ്ട് വർഷത്തിനകം മാനദന്ഡ പ്രകാരമുള്ള ബേസിക് സ്ട്രിപ്പ് ഒരുക്കിയില്ലെങ്കിൽ തിരുവനന്തപുരം വിമാനത്താവളത്തിന്റെ ലൈസൻസ് റദ്ദാക്കുമെന്ന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറൽ മുന്നറിയിപ്പ് നൽകിയിട്ടും സ്ഥലം നൽകാതെ സർക്കാർ.ബേസിക് സ്ട്രിപ്പിനായി റൺവേയുടെ ഇരുവശത്തും 150 മീറ്റർ വീതിയിൽ സ്ഥലം ഒഴിച്ചിടണമെന്നാണ് അന്താരാഷ്ട്ര ചട്ടം. വിമാനദുരന്തങ്ങൾ സംഭവിക്കാതിരിക്കാനാണ് ഈ മുൻകരുതൽ. റൺവേയുടെ പലഭാഗത്തും 20മീറ്റർ വരെ കുറവുണ്ട്. ഈ സുരക്ഷ ഒരുക്കാൻ 18 ഏക്കർ ഭൂമി ഏറ്റെടുക്കണം. രണ്ട് ഏക്കറൊഴികെ ബാക്കിയെല്ലാം സർക്കാർ ഭൂമിയാണ്. പണം നൽകാമെന്ന് അദാനി അറിയിച്ചിട്ടും സർക്കാർ അനങ്ങുന്നില്ല.അദാനിയുടെ അപേക്ഷയും ഭൂമിയേറ്റെടുക്കാനുള്ള നിർദ്ദേശവും ഗതാഗതവകുപ്പ് മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു. വിമാനത്താവള സ്വകാര്യവത്കരണത്തിന് എതിരാണ് സർക്കാരെന്ന് ചൂണ്ടിക്കാട്ടി മുഖ്യമന്ത്രി ഫയൽ മാറ്റിവച്ചു.3373മീറ്റർ നീളവും 150അടി വീതിയുമുള്ളതാണ് തിരുവനന്തപുരത്തെ റൺവേ. അപകടങ്ങളൊഴിവാക്കാനാണ് ഇന്റർനാഷണൽ സിവിൽ ഏവിയേഷൻ ഓർഗനൈസേഷൻ (ഐ.സി.എ.ഒ) മാനദണ്ഡ പ്രകാരമുള്ള ബേസിക് സ്ട്രിപ്പ് വേണ്ടത്. പരിശോധന നടക്കുമ്പോൾ സമയം നീട്ടി ചോദിക്കുകയാണ് പതിവ്. ചാക്കയിലെ ബ്രഹ്മോസ്, ഫയർഫോഴ്സ് സ്റ്റേഷൻ പ്രദേശത്തെ ശംഖുംമുഖം റോഡിന്റെ ഭാഗമാണ് ഏറ്റെടുക്കേണ്ടത്. അപ്പോൾ റോഡ് കിഴക്കോട്ട് മാറ്റി നിർമ്മിക്കേണ്ടി വരും. ഏറ്റെടുക്കുന്ന ഭൂമിക്ക് സർക്കാർ നിശ്ചയിക്കുന്ന വിലയും നഷ്ടപരിഹാരവും നൽകാമെന്ന് അദാനി അറിയിച്ചിരുന്നു.




# ലീഗിന് എം.വി ഗോവിന്ദന്റെ സർട്ടിഫിക്കറ്റ് വേണ്ട; വർഗീയ ചാപ്പ കുത്തിയ പിണറായി എപ്പോൾ മാപ്പ് പറയും - ഫാത്തിമ തഹിലിയ

മുസ്‌ലിം ലീഗിന് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ മാസ്റ്ററുടെ മതേതര സർട്ടിഫിക്കറ്റിന്റെ ആവശ്യമില്ലെന്ന് ഹരിത മുൻ നേതാവ് ഫാത്തിമ തഹിലിയ. ലീഗ് മതേതര പാർട്ടിയാണെന്ന് കഴിഞ്ഞ ദിവസം എം.വി ഗോവിന്ദൻ പറഞ്ഞിരുന്നു. ഇതിനെ തുടർന്ന് വ്യാപക ചർച്ചകൾ ഉയർന്നിരുന്നു. ലീഗിന് എൽ.ഡി.എഫിലേക്കുള്ള ക്ഷണം എന്ന നിലക്കാണ് ചർച്ചകൾ നടന്നത്. എന്നാൽ, വിഷയത്തിൽ ലീഗ് അധ്യക്ഷൻ അടക്കമുള്ളവർ നിലപാട് വ്യക്തമാക്കുകയും ചെയ്തിരുന്നു. ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ വിഷയം വർഗീയ വികാരം ഇളക്കുന്ന വിധം ഉപയോഗിക്കുകയും ചെയ്തിരുന്നു. ലീഗ് മതേതര പാർട്ടിയാണെന്ന് പറയുമ്പോൾ, ലീഗിനെതിരെ വർഗീയ ചാപ്പ കുത്തിയ പിണറായി വിജയൻ, കടകംപള്ളി സുരേന്ദ്രൻ, എ. വിജയരാഘവൻ മുതലായവർ എപ്പോൾ മാപ്പ് പറയും എന്നും തഹിലിയ ചോദിക്കുന്നു.ഫേസ്ബുക്കിലാണ് അവർ വിമർശനം ഉന്നയിച്ചത്. മുസ്ലിം ലീഗിന് എം.വി ഗോവിന്ദൻ മാസ്റ്ററുടെ മതേതര സർട്ടിഫിക്കറ്റിന്റെ ആവശ്യമില്ല. എങ്കിലും മുസ്ലിം ലീഗ് വർഗ്ഗീയ പാർട്ടിയല്ലെന്ന് തുറന്ന് പറയാൻ കാണിച്ച അദ്ദേഹത്തിന്റെ സത്യസന്ധതയെ അഭിനന്ദിക്കുന്നു. ഇനി ചോദിക്കാനുള്ളത് പിണറായി വിജയൻ, കടകംപള്ളി സുരേന്ദ്രൻ, എ. വിജയരാഘവൻ മുതലായവരോടാണ്. മുസ്ലിം ലീഗിനെയും അവർക്ക് വോട്ട് ചെയ്യുന്നവരെയും വർഗീയ ചാപ്പ കുത്തിയതിന് നിങ്ങൾ എപ്പോൾ മാപ്പ് പറയും?



# കേരളത്തിന് കേന്ദ്രം നഷ്ടപരിഹാരം നൽകാനുള്ളത് 780 കോടി രൂപ

ജൂൺവരെയുള്ള കണക്ക് പ്രകാരം 780.49 കോടിയാണ് കേരളത്തിന് നഷ്ടപരിഹാരം നൽകാനുള്ളതെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ.അക്കൗണ്ട് ജനറലിന്റെ സർട്ടിഫൈഡ് റിപ്പോർട്ട് നൽകിയാൽ കുടിശിക നൽകും എന്നും മന്ത്രി പറഞ്ഞു.കേന്ദ്രത്തിൽ നിന്നും നഷ്ടപരിഹാരമായി 4000 കോടിയോളം കിട്ടാനുണ്ടെന്ന സംസ്ഥാന ധനമന്ത്രി കെഎൻ ബാലഗോപാലിന്റെ പ്രസ്താവന ശശി തരൂർ ചൂണ്ടിക്കാട്ടിയപ്പോഴാണ് കേന്ദ്രമന്ത്രി മറുപടി നൽകിയത്.ഇന്ത്യൻ രൂപ കരുത്തുറ്റ നിലയിലാണ് രൂപയ്ക്കെതിരെ ഡോളർ ശക്തിപ്പെട്ടത് യുഎസിന്റെ ചില നയപരമായ തീരുമാനം മൂലം മെന്നും നിർമ്മല സീതാരാമൻ പറഞ്ഞു.രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി സ്ഥിരമായതിൽ പ്രതിപക്ഷത്തിന് അസ്വസ്ഥതയാണ് എന്നും മന്ത്രി കൂട്ടിച്ചേർത്തു.

# വീട്ടുടമ പ്രഭാത സവാരിക്ക് പോയ സമയത്ത് മോഷണം; 31 പവൻ സ്വർണം നഷ്ടമായി

പാലക്കാട് ചിറ്റൂരിൽ വീട്ടുടമ പ്രഭാത സവാരിക്ക് പോയ സമയത്ത് മോഷണം. 31 പവൻ സ്വർണ്ണം നഷ്ടമായി. മുൻ കൗൺസിലർ സുന്ദരേശന്റെ വീട്ടിലാണ് മോഷണം നടന്നത്.ചിറ്റൂർ പൊലീസ് അന്വേഷണം ആരംഭിച്ചു ഇന്നലെ പുലർച്ചെയാണ് മോഷണം നടന്നത്. അമ്പാട്ടുപാളയം കോലാക്കളത്തിൽ സുന്ദരേശനും ഭാര്യയും പ്രഭാത സവാരിക്ക് പോയ സമയത്താണ് വീട്ടിൽ മോഷണം നടന്നത്. പ്രാർത്ഥന മുറിയിലെ അലമാരയിൽ സൂക്ഷിച്ചിരുന്ന 31.5 പവൻ സ്വർണമാണ് കവർന്നത്. അലമാരിക്ക് പുറത്തുവച്ച താക്കോൽ ഉപയോഗിച്ചാണ് മോഷണം നടത്തിയത്.പൂജയ്ക്കായി ഉപയോഗിക്കുന്ന മോതിരം എടുക്കാനായി അലമാര തുറന്നപ്പോഴാണ് സുന്ദരേശൻ മോഷണ വിവരം അറിയുന്നത്. ചിറ്റൂർ പൊലീസും ഫോറൻസിക് വിദഗ്ധരും സംഭവസ്ഥലത്ത് എത്തി വിവരങ്ങൾ ശേഖരിച്ചു. പ്രദേശത്തെ സിസിടിവി ദൃശ്യങ്ങൾ പരിശോധിക്കുകയാണെന്ന് ചിറ്റൂർഡിവൈഎസ്പി പറഞ്ഞു. സുന്ദരേശനും ഭാര്യയും പുലർച്ചെ പ്രഭാത സവാരിക്ക് പോകാറുണ്ടെന്ന് അറിയാവുന്നയാളാണ് മോഷണം നടത്തിയതെന്നാണ് പൊലീസ് പറയുന്നത്.



# കുട്ടിയെ നോക്കാത്തതിന് അമ്മായിയച്ഛൻ യുവതിയെ വഴക്കുപറഞ്ഞു,ഹെൽമറ്റ് ധരിച്ചെത്തി പ്രതികാരം ചെയ്ത യുവാവ് അഴിക്കുള്ളിൽ

**ചാരുംമൂട്:** കുട്ടിയെ വേണ്ടവിധം പരിചരിക്കാത്തത് ചോദ്യം ചെയ്ത ഭർത്തൃപിതാവിനെ, കമ്പിവടിക്ക് അടിച്ച് പരിക്കേൽപ്പിച്ച സംഭവത്തിൽ യുവതിയും കാമുകനും അറസ്റ്റിൽ.നൂറനാട് പുലിമേൽ തുണ്ടത്തിൽ വീട്ടിൽ രാജുവിനെ മർദ്ദിച്ച കേസിൽ മകന്റെ ഭാര്യ ശ്രീലക്ഷ്മി, കാമുകനായ നൂറനാട് വില്ലേജ് പുതുപ്പള്ളി കുന്ന് മുറിയിൽ പാറപ്പുറത്ത് വടക്കേതിൽ ബിപിൻ എന്നിവരെയാണ് കൊലപാതക ശ്രമത്തിന് നൂറനാട് പൊലീസ് അറസ്റ്റ് ചെയ്തത്.കഴിഞ്ഞ 29ന് രാത്രി 11ന് വീടിന് സമീപത്തെ റോഡിൽ വച്ചായിരുന്നു സംഭവം. ഹെൽമെറ്റ് ധരിച്ച് ബൈക്കിലെത്തിയ യുവാവ് കമ്പിവടി കൊണ്ട് തലയ്ക്കും ശരീരമാസകലവും അടിച്ച് കൊല്ലാൻ ശ്രമിക്കുകയായിരുന്നു. അവശനായ രാജുവിന് ആളെ തിരിച്ചറിയാൻ കഴിഞ്ഞില്ല. തുടർന്ന് മാവേലിക്കര താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടി. തലയ്ക്ക് 15 തുന്നലുണ്ടായി. നൂറനാട് പൊലീസിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കൊലപാതക ശ്രമത്തിന് കേസെടുത്തു. സി.സി.ടി.വികൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിൽ ഒരാൾ വാഹനത്തിൽ പോകുന്നതായി കണ്ടെങ്കിലും വ്യക്തമല്ലായിരുന്നു. അടിയേറ്റ ദിവസം വൈകിട്ട് രാജുവും മരുമകളും തമ്മിൽ വഴക്കുണ്ടായെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ശ്രീലക്ഷ്മിയെ പൊലീസ് സംശയ നിഴലിലാക്കി. തുടർന്ന് നടത്തിയ ചോദ്യം ചെയ്യലിലാണ് സംഭവത്തിന്റെ ചുരുളഴിഞ്ഞത്.ശ്രീലക്ഷ്മി പറഞ്ഞതനുസരിച്ചാണ് രാജുവിനെ ആക്രമിക്കുവാൻ ബിപിൻ തീരുമാനിച്ചത്.പടനിലം ജംഗ്ഷനിലേക്ക് പോയ രാജു ബൈക്കിൽ തിരികെ വരുമ്പോൾ ബിപിൻ പിന്തുടരുകയും വീടിനു സമീപം എത്തിയപ്പോൾ മറികടന്ന് ബൈക്ക് തടഞ്ഞുനിറുത്തി കമ്പിവടിക്ക് അടിച്ച് പരിക്കേൽപ്പിക്കുകയുമായിരുന്നു.മരുമകളെ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിൽ ബിപിന്റെ സാന്നിദ്ധ്യം മനസിലായ പൊലീസ് ഇരുവരെയും അറസ്റ്റ് ചെയ്യുകയായിരന്നു. മാവേലിക്കര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.നൂറനാട്സി.ഐ പി. ശ്രീജിത്ത്, എസ്.ഐ നിതീഷ്, ജൂനിയർ എസ്.ഐ ദീപു പിള്ള, എസ്.ഐ രാജേന്ദ്രൻ, സി.പി.ഒമാരായ കലേഷ്, വിഷ്ണു രഞ്ജിത്ത്, പ്രസന്ന എന്നിവർ അന്വേഷണ സംഘത്തിലുണ്ടായിരുന്നു.



# പത്താം ക്ലാസ് വിദ്യാർത്ഥിയുടെ ജനനേന്ദ്രിയത്തിൽ മോതിരം കുടുങ്ങി,രക്ഷകരായി അഗ്നിരക്ഷാസേന

**കോഴിക്കോട്:** പതിനഞ്ചുകാരന്റെ ജനനേന്ദ്രിയത്തിൽ മോതിരം കുടുങ്ങി. ഫറോക്ക് സ്വദേശിയായ പത്താം ക്ലാസുകാരനാണ് ജനനേന്ദ്രിയത്തിൽ സ്റ്റീൽ മോതിരം കുടുങ്ങി ഗുരുതരാവസ്ഥയിലായത്.അഗ്നിരക്ഷാസേനയുടെ സമയോചിതമായ ഇടപെടലാണ് കുട്ടിയുടെ ജീവൻ രക്ഷിച്ചത്.ഇന്നലെ രാവിലെയാണ് കുട്ടിയെ കോഴിക്കോട് മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിൽ പ്രവേശിപ്പിച്ചത്. തുടർന്ന് ഡോക്ടർമാർ വെള്ളിമാടുകുന്ന് സ്റ്റേഷനിലെ അഗ്നിരക്ഷാസേനയെ വിവരമറിയിക്കുകയായിരുന്നു. ഡോക്ടർമാരുടെ കൂടി സഹായത്തോടെ പ്രത്യേക ഫ്ലക്സിബിൾ ഷാഫ്റ്റ് ഗ്രൈൻഡർ ഉപയോഗിച്ച് അഗ്നിരക്ഷാ സേന മോതിരം മുറിച്ചെടുക്കുകയായിരുന്നു.ശനിയാഴ്ച യൂട്യൂബിൽ വീഡിയോകൾ കണ്ടാണ് മോതിരം ജനനേന്ദ്രിയത്തിലിട്ടതെന്ന് പതിനഞ്ചുകാരൻ പറഞ്ഞു. ഊരിയെടുക്കാൻ സാധിക്കാതായതോടെ വിവരം കുടുംബത്തെ അറിയിക്കുകയായിരുന്നു. തുടർന്ന് ബന്ധുക്കൾ ആശുപത്രിയിലെത്തിച്ചു.



# ഭർതൃ പിതാവിന്റെ പീഡന ശ്രമം; വീട് വിട്ടിറങ്ങിയ യുവതി വിഷം കഴിച്ച നിലയിൽ

ഭർതൃ പിതാവിന്റെ പീഡന ശ്രമത്തെ തുടർന്ന് വീട് വിട്ടിറങ്ങിയ യുവതി വിഷം കഴിച്ച നിലയിൽ. കോഴിക്കോട് കുറ്റ്യാടി ചെറുകുന്ന് സ്വദേശിനിയായ ഇരുപത്തിയേഴുകാരിയാണ് തലശ്ശേരി കോടതി പരിസരത്തെ ബീച്ചിലെത്തി ആത്മഹത്യക്ക് ശ്രമിച്ചത്.ഗുരുതരാവസ്ഥയിലുള്ള യുവതി കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. ഭർതൃ പിതാവിനെതിരെ കുറ്റ്യാടി പൊലീസ് പീഡന ശ്രമത്തിന് കേസെടുത്തു.

ഫലപ്രദമായ പാരമ്പര്യ ചികിത്സ
ശക്തിക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, തൃപ്തിയില്ലായ്മ
(പാർശ്വഫലങ്ങളില്ലാത്ത യുനാനി ചികിത്സ) വയസ് പ്രശ്നമല്ല.
ദാമ്പത്യജീവിതത്തിൽ നിരാശയിൽ കഴിയുന്നവർ യുനാനി ചികിത്സയിൽ 35 വർഷത്തെ സേവനപാരമ്പര്യമുള്ള ഹക്കീം അവർകളെ നേരിൽ കാണുക

അൽ—മദീന വൈദ്യ—കണ്ണൂർ
ലക്ഷ്മി കോംപ്ലക്സ്, റൂം നം. 5, കൊയിലി ഹോസ്പിറ്റലിന് മുൻവശം, തളാപ്പ്, കണ്ണൂർ - 4
ചൊവ്വ, വ്യാഴം, ശനി, (ഞായർ ഉച്ചവരെ) ഹക്കീം അവർകൾ ഉണ്ടായിരിക്കുന്നതാണ്
ഫോൺ: 9388824933, 8129209023




# 22 വർഷത്തിനുശേഷം പാകിസ്താനിൽ ടെസ്റ്റ് പരമ്പര നേടി ഇംഗ്ലണ്ട്

മുൾട്ടാൻ: പാകിസ്താനെതിരായ ടെസ്റ്റ് പരമ്പര സ്വന്തമാക്കി ഇംഗ്ലണ്ട്. മൂന്ന് മത്സരങ്ങളടങ്ങിയ പരമ്പരയിലെ രണ്ടാം മത്സരം വിജയിച്ചതോടെയാണ് ഇംഗ്ലണ്ട് പരമ്പര നേടിയത്. 22 വർഷത്തിനുശേഷമാണ് ഇംഗ്ലണ്ട് പാകിസ്താനിൽ ഒരു ടെസ്റ്റ് പരമ്പര നേടുന്നത്.

രണ്ടാം ടെസ്റ്റിൽ 26 റൺസിനാണ് ഇംഗ്ലണ്ടിന്റെ വിജയം. ഇംഗ്ലണ്ട് രണ്ടാം ഇന്നിങ്സിൽ ഉയർത്തിയ 355 റൺസ് വിജയലക്ഷ്യത്തിലേക്ക് ബാറ്റേന്തിയ പാകിസ്താൻ 328 റൺസിന് ഓൾ ഔട്ടായി. സ്കോർ: ഇംഗ്ലണ്ട് 281, 275. പാകിസ്താൻ 202, 328.

ടോസ് നേടിയ ഇംഗ്ലണ്ട് ആദ്യ ഇന്നിങ്സിൽ 281 റൺസിന് പുറത്തായി. 63 റൺസെടുത്ത ബെൻ ഡക്കറ്റും 60 റൺസ് നേടിയ ഒലി പോപ്പുമാണ് ഇംഗ്ലണ്ടിനായി തിളങ്ങിയത്. ഏഴുവിക്കറ്റ് വീഴ്ത്തിയ യുവതാരം അബ്റാർ അഹമ്മദ് പാകിസ്താന് വേണ്ടി തകർപ്പൻ പ്രകടനം പുറത്തെടുത്തു. പിന്നാലെ ബാറ്റിങ് ആരംഭിച്ച പാകിസ്താൻ വെറും 202 റൺസിന് ഓൾ ഔട്ടായി. നായകൻ ബാബർ അസം 75 റൺസെടുത്ത് ടോപ് സ്കോററായി. ഇംഗ്ലണ്ടിനായി ജാക്ക് ലീച്ച് നാല് വിക്കറ്റെടുത്തു.

69 റൺസ് ഒന്നാം ഇന്നിങ്സ് ലീഡുമായി രണ്ടാം ഇന്നിങ്സിൽ ബാറ്റിങ് ആരംഭിച്ച ഇംഗ്ലണ്ട് 275 റൺസിന് ഓൾ ഔട്ടായി. 108 റൺസെടുത്ത ഹാരി ബ്രൂക്ക് സെഞ്ചുറിയുമായി ഇംഗ്ലണ്ടിനെ മുന്നിൽ നിന്ന് നയിച്ചു. പാകിസ്താന് വേണ്ടി രണ്ടാം ഇന്നിങ്സിലും അബ്റാർ അഹമ്മദ് തിളങ്ങി. നാല് വിക്കറ്റ് വീഴ്ത്തിയ അബ്റാർ രണ്ട് ഇന്നിങ്സിലുമായി 11 വിക്കറ്റുകളാണ് നേടിയത്. ഇതോടെ ഇംഗ്ലണ്ട് പാകിസ്താന് മുന്നിൽ 355 റൺസ് വിജയലക്ഷ്യം ഉയർത്തി.

വലിയ വിജയലക്ഷ്യത്തിലേക്ക് ബാറ്റിങ് ആരംഭിച്ച പാകിസ്താൻ പടിക്കൽ കലമുടയ്ക്കുകയായിരുന്നു. 328 റൺസിൽ ടീം ഓൾ ഔട്ടായി. 94 റൺസെടുത്ത സൗദ് ഷക്കീലും 60 റൺസ് നേടിയ ഇമാം ഉൾ ഹഖും പാകിസ്താന് വേണ്ടി പൊരുതിയെങ്കിലും ലക്ഷ്യം കാണാനായില്ല. ഇംഗ്ലണ്ടിനായി മാർക്ക് വുഡ് നാല് വിക്കറ്റ് വീഴ്ത്തി. പരമ്പരയിലെ അവസാന മത്സരം ഡിസംബർ 17 ന് ആരംഭിക്കും.

## അൽ റിഹ്ല'യ്ക്ക് പകരം ഇനി പുതിയ പന്ത്; ഇനിയുള്ള മത്സരങ്ങൾക്ക് 'അൽ ഹിം'

**ദോഹ:** ലോകകപ്പ് പോരാട്ടങ്ങൾ ആവേശകരമായ സെമിഫൈനൽ പോരാട്ടങ്ങളിലേയ്ക്ക് കടക്കുന്നതിന് പിന്നാലെ പന്തിലും മാറ്റം. സെമിഫൈനൽ, ഫൈനൽ മത്സരങ്ങളിൽ ഉപയോഗിക്കുന്ന പുതിയ പന്ത് അഡിഡാസ് അവതരിപ്പിച്ചു. 'അൽ ഹിം' എന്നാണ് പേര്. സ്വപ്നം എന്നാണ് ഇതിനർഥം. ഈ ലോകകപ്പിൽ ഇതുവരെ ഉപയോഗിച്ചിരുന്ന പന്തിന് 'അൽ റിഹ്ല' എന്നായിരുന്നു പേര്. 'യാത്ര' എന്നാണിതിന് അർഥം. 'അൽ റിഹ്ല' ആയിരുന്നു ഗ്രൂപ് റൗണ്ട്, പ്രീക്വാർട്ടർ, ക്വാർട്ടർ ഫൈനൽ ഉൾപ്പെടെ ഇതുവരെ പൂർത്തിയായ എല്ലാ മത്സരങ്ങൾക്കും ഉപയോഗിച്ചത്. 'അൽ റിഹ്ല'യെ പോലെ ത്തന്നെ ആധുനിക സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയ പന്തുതന്നെയാണ് അൽ ഹിമും.




## സൂപ്പർ ഓവറിൽ ഇന്ത്യ; ഒടുവിൽ ഓസ്ട്രേലിയൻ വനിതകൾ തോറ്റു, ഈ വർഷം ആദ്യമായി

നവി മുംബൈ: പ്രതാപകാലത്തെ ഓസ്ട്രേലിയൻ പുരുഷ ടീമിനെ അനുസ്മരിപ്പിക്കുന്ന പ്രകടനമാണ് അവരുടെ വനിതാ ടീം ഇപ്പോൾ പുറത്തെടുക്കുന്നത്. ഏകദിന ലോകകപ്പ്, ടി20 ലോകകപ്പ് എല്ലാം ഈ ഓസീസ് ടീം നേടിക്കഴിഞ്ഞു. മാത്രമല്ല ഈ വർഷം ഒരു അന്താരാഷ്ട്ര ടി20 മത്സരം പോലും തോൽക്കാതെയാണ് അഞ്ച് മത്സര പരമ്പരയ്ക്കായി ടീം ഇന്ത്യയിൽ എത്തിയത്. ആദ്യ മത്സരത്തിൽ അനായാസ ജയം സ്വന്തമാക്കിയ ഓസ്ട്രേലിയക്ക് പക്ഷേ രണ്ടാം മത്സരത്തിൽ ഇന്ത്യയുടെ പെൺപടയ്ക്ക് മുന്നിൽ അടിതെറ്റി. 2022ലെ അവരുടെ അപരാജിത കുതിപ്പിന് വിമൺ ഇൻ ബ്ലൂ അന്ത്യം കുറിച്ചു.

സമീപകാലത്തെ ഓസ്ട്രേലിയൻ ടീമിന്റെ കുതിപ്പ് പരിശോധിച്ചാൽ വലിയ ടൂർണമെന്റുകളിൽ അവർക്കെതിരെ ഫൈനൽ കളിക്കുക എന്നതാണ് എതിർടീമുകൾക്ക് എത്തിപ്പിടിക്കാവുന്ന പരമാവധി നേട്ടം. അത്രയും പ്രൊഫഷണൽ സമീപനമാണ് ഓസ്ട്രേലിയക്ക്. പുരുഷ-വനിതാ ടീമുകളെ സംയുക്തമായി പരിശോധിച്ചാൽ തന്നെ ഇത്രയും ലക്ഷണമൊത്ത ടി20 ടീം വേറെ ഉണ്ടാകില്ല. ഓസ്ട്രേലിയയുടെ അരികിൽനിൽക്കുന്ന പ്രകടനം പുറത്തെടുക്കുന്ന ഏതെങ്കിലും ടീമുണ്ടെങ്കിൽ അത് ഇന്ത്യയും ഇംഗ്ലണ്ടും മാത്രമാണ്. അങ്ങനെ പറയുമ്പോഴും ഈ രണ്ട് ടീമുകൾക്കും ഓസീസ് ടീമിനെ വെല്ലുവിളിക്കാൻ കഴിഞ്ഞിട്ടില്ല.

തകർപ്പൻ പോരിനൊടുവിൽ സൂപ്പർ ഓവറിലാണ് ഓസ്ട്രേലിയൻ വനിതകളെ ഇന്ത്യ മുട്ടുകുത്തിച്ചത്. ആദ്യം ബാറ്റ് ചെയ്ത ഓസ്ട്രേലിയ ഉയർത്തിയത് 20 ഓവറിൽ 188 റൺസ് വിജയലക്ഷ്യം. നിറഞ്ഞ് കവിഞ്ഞ ഡിവൈ പാട്ടീൽ സ്റ്റേഡയിത്തിലെ ആരാധകരുടെ ആർപ്പവുവിളി ആവേശമാക്കി സമൃതി മന്ദാനയും ഷെഫാലി വർമയും ഇന്ത്യക്ക് ഗംഭീര തുടക്കം നൽകി. വാലറ്റത്ത് റിച്ച ഗോഷും അവസാന പന്ത് ബൗണ്ടറി നേടി ദേവിക വൈദ്യയും ഇന്ത്യക്ക് സമനില സമ്മാനിച്ചു.

EDITORS CHOICE



# മീനച്ചിലാറ്റിൽ 45 ഇനം തുമ്പികൾ

കോട്ടയം: മീനച്ചിൽ നദീതടത്തിൽ തുമ്പികളുടെ വൈവിധ്യം, മുൻ വർഷങ്ങളിലേതിനേക്കാൾ വ്യത്യാസമില്ലാതെ തുടരുന്നുവെന്ന് സർവേ റിപ്പോർട്ട്. 22-ഇനം സൂചിത്തുമ്പികളും 23-ഇനം കല്ലൻ തുമ്പികളും ഉൾപ്പെടെ 45-ഇനം തുമ്പികളെ ഉത്ഭവപ്രദേശമായ മേലടുക്കം മുതൽ പതനസ്ഥാനമായ പഴുക്കാനിലക്കായൽവരെ 16 ഇടങ്ങളിലായി നടന്ന സർവേയിൽ കണ്ടെത്തി. കേരള വനം വകുപ്പ് സാമൂഹ്യ വനവത്കരണ വിഭാഗവും ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കോളജിക്കൽ സയൻസസും ചേർന്നാണ് 2012 മുതൽ എല്ലാവർഷവും തുമ്പി സർവേ 2021-ൽ 55 ഇനങ്ങളും 2022-ൽ 54 ഇനങ്ങളും കണ്ടെത്തിയിരുന്നു.

ഏറ്റവുമധികമായി കാണപ്പെട്ടത് തുലാത്തുമ്പി, തവളക്കണ്ണൻ തുമ്പി, ചങ്ങാതി തുമ്പി, നാട്ട് പൂത്താലി എന്നിവയാണ്. ശുദ്ധജലത്തിന്റെ സൂചകമായി കരുതാവുന്ന പീലിത്തുമ്പി അടുക്കംമുതൽ കിടങ്ങൂർ പുന്നത്തുറവരെ കാണാനായി.

മലിനജലത്തിന്റെ സൂചകമായ ചങ്ങാതി തുമ്പി തിരുവഞ്ചൂർ മുതൽ മലരിക്കൽ വരെയുള്ളയിടങ്ങളിൽ മാത്രമാണ് കണ്ടത്. എലിപ്പുലിക്കാട്ട് കടവിലും നാഗമ്പടത്തുമാണ് ഈ തുമ്പികളെ കൂട്ടത്തോടെ കണ്ടെത്തിയത്. മീനച്ചിലാറ്റിൽ അത്ര സാധാരണമല്ലാതിരുന്ന എണ്ണക്കറുപ്പൻ തുമ്പി, ചേരാച്ചിറകൻ തുമ്പി, കാട്ട് പുൽച്ചിന്നൻ എന്നിവയെയും കണ്ടെത്തി.

കൊതുക് നിർമാർജനത്തിന് ഏറ്റവും ഉപകരിക്കുന്നവയും ജലപരിസ്ഥിതിയുടെ സൂചകങ്ങളുമായ തുമ്പികളെ പുതു തലമുറയ്ക്ക് പരിചയപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് സർവേ കോ-ഓർഡിനേറ്റർ ഡോ. കെ.ഏബ്രഹാം സാമുവൽ പറഞ്ഞു. ഡോ. പുന്നൻ കുര്യൻ വേങ്കടത്ത്, ഡോ. നെൽസൺ പി.ഏബ്രഹാം, എം.എൻ.അജയകുമാർ, ശരത് ബാബു എൻ., അനൂപാ മാത്യൂസ്, സൗമ്യ, രഞ്ജിത് ജേക്കബ്, ടോണി ആന്റണി, ഷിബി മോസസ്, അമൃതാ വി.രഘു, എ.ശ്രീദേവി എന്നിവർ നേതൃത്വം നൽകി.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com